രവീന്ദ്രനാഥ ടാഗൂർ

No: 18

ഗ്രന്ഥകർത്താ,

പി. ശ്രീധരൻപിള്ള.

1617
+8

മൂന്നാം ഫാറത്തിലേക്കു്

തിരുവിതാംകൂർ-കൊച്ചി
സംസ്ഥാന ഗവ. പ്രസിദ്ധീകരണം.
1952 – '53

വില Re. 0-6-0

1-50

சோதிட[illegible]

[illegible]

[illegible]

[illegible]

ശ്രീ

രവീന്ദ്രനാഥ ടാഗൂർ

1617

ഗ്രന്ഥകർത്താ,

പി. ശ്രീധരൻപിള്ള.

Published by the
Government of Travancore - Cochin
1952-1953

Printed at
The Sridhara Printing House,
TRIVANDRUM.

വിഷയവിവരം

		പുറം
I.	ബാല്യകാലം	1
II.	വിദ്യാർത്ഥിജീവിതം	8
III.	സ്വതന്ത്രമായ അഭ്യാസം	15
IV.	വിദേശയാത്ര - വിവാഹം	23
V.	ഗ്രാമീണരുടെ കൂടെ	28
VI.	ശാന്തിനികേതനം	32
VII.	പൊതുക്കാര്യങ്ങൾ - ലോകപ്രസിദ്ധി	37
VIII.	യുദ്ധവും അമൃതസരസ്സും	45
IX.	വിശ്വഭാരതി - ശ്രീനികേതം	50
X.	ചെറുകഥ - നോവൽ - നാടകം	55
XI.	ലോകപൌരൻ	60
XII.	അവസാനഘട്ടം	68

ശ്രീ

72
18

രവീന്ദ്രനാഥ ടാഗൂർ

I

ബാല്യകാലം

'ഭാരതഭാഗ്യവിധാതാ'ക്കളായ പല മഹാന്മാരുടെ ജന്മദേശമാണു് ബംഗാൾ. പ്രസിദ്ധനഗരമായ കല്ക്കത്ത ബംഗാളിന്റെ തലസ്ഥാനമാണു്. ക്രിസ്ത്വാബ്ദം 1861 മേയ്മാസം 7-ാം തീയതി ആ നഗരത്തിലെ 'ജൊറസങ്കൊ' ഭാഗത്തുള്ള ഒരു മുഖ്യ കുടുംബത്തിൽ ശ്രീ രവീന്ദ്രനാഥ ടാഗ്രൂർ ജനിച്ചു.

'ടാഗ്രൂർ' എന്നതു വംശപ്പേരാണു്. സംസ്കൃതത്തിൽ 'ഠക്കുര' എന്നു പറയും. വലിയ വിദ്വാന്മാൎക്കു കൊടുക്കാറുള്ള ഒരു ബഹുമതിയാണിതു്. പാരമ്പര്യമായി ടാഗ്രൂറിന്റെ വംശത്തിൽ മഹാപണ്ഡിതന്മാർ ഉണ്ടായിരുന്നു എന്നതിന്നു് ഈ പേർ തെളിവാകുന്നു. രവീന്ദ്രന്റെ അച്ഛൻ ദേവേന്ദ്രനാഥടാഗ്രൂർ ഒരു സിദ്ധനും, തത്വജ്ഞാനിയും, മതാചാൎയ്യനുമായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ 'മഹൎഷി' എന്നാണു വിളിച്ചുപോന്നതു്. അദ്ദേഹത്തിന്റെ പതിന്നാലു സന്താനങ്ങളിൽ ഒടുവിലത്തെ പുത്രനായിരുന്നു രവീന്ദ്രൻ.

സാമാന്യത്തിലധികം ധനപുഷ്ടിയുള്ള ഒന്നായിരുന്നു ടാഗ്രർകുടുംബം. എങ്കിലും വലിയ ലാളനയിലൊന്നുമല്ല രവീന്ദ്രൻ വളൎന്നതു്. വിലപിടിച്ച മേത്തരം കളിക്കോപ്പുകളോ, കൗതുകവസ്തുക്കളോ ഒന്നും ആ ബാലനു നല്കിയിരുന്നില്ല. മഹർഷി ആഡംബരങ്ങൾ വെറുത്തിരുന്നു. കുട്ടികൾക്കു വിശേഷിച്ചും ആഡംബരം പാടില്ല എന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അതിനാൽ രവീന്ദ്രനു കൈയിൽ കിട്ടിയ സാധനങ്ങൾകൊണ്ടു് കളിപ്പാട്ടങ്ങൾ സ്വയം നിർമ്മിക്കേണ്ടിവന്നു. ഇക്കാൎയ്യത്തിൽ പിതാവിട്ട ചട്ടം പിൽക്കാലത്തു തനിക്കു വളരെ ഉതകിയതായി രവീന്ദ്രൻ പറഞ്ഞിട്ടുണ്ടു്. അതു് നിർമ്മാണവാസനയെ തട്ടിയുണൎത്തി.

കുടുംബത്തിൽ പല തരത്തിലും പ്രായത്തിലും ധാരാളം അംഗങ്ങൾ ഉണ്ടായിരുന്നു ; പക്ഷെ, വീട്ടിൽ ബഹളങ്ങളോ ഒച്ചപ്പാടോ ഉണ്ടാവാൻ ആരും ഇടയാക്കിയിരുന്നില്ല. മഹർഷിക്കു് അതിലൊന്നിലും രസമില്ലായിരുന്നു. കുട്ടികളും വലിയവരും എല്ലാം നല്ല അടക്കവും ഒതുക്കവും കാണിച്ചുവന്നു. മുറ തെററാതെ ശാന്തമായി ഓരോരുത്തരും തങ്ങളുടെ ദിനചര്യ നിൎവ്വഹിച്ചു. രവീന്ദ്രൻെറ ഭാവന വളൎന്നു വിരിയുവാൻ വീട്ടിനുള്ളിലെ ഈ ശാന്തതയും സമാധാനവും ഒട്ടല്ല സഹായിച്ചതു്.

രവിയുടെ മൂത്ത സഹോദരിയാണു് അമ്മയുടെ ചുമതലകൾ ഏറെറടുത്തു് ആ ശിശുവിനെ വളൎത്തിയതു്. അവൾക്കു രവിയേക്കാൾ അല്പം പ്രായക്കൂടുതലുള്ള 'സത്യൻ' എന്നൊരു പുത്രനും ഉണ്ടായിരുന്നു. ഈ ബാലനും

തൻെറ നേരെ മൂമ്പുള്ള ജ്യേഷ്ഠനായ സോമേന്ദ്രനും ആയിരുന്നു രവിയുടെ കളിത്തോഴന്മാർ. കുട്ടികൾക്കു വീട്ടിനുപുറത്തെങ്ങും പോയി കളിപ്പാൻ അനുവാദമുണ്ടാ യിരുന്നില്ല. വീട്ടുവളപ്പിനു പുറത്തു് റോഡിലും അങ്ങാടി യിലും മററും പോയിവരാൻ സ്വാതന്ത്ര്യമുള്ള ഭൃത്യജന ങ്ങളോടു് അവക്കു് അസൂയ തോന്നി. വാതില്ക്കൽ നിന്നാൽ കാണാവുന്ന പട്ടണത്തിൻെറ കോണും, തങ്ങളുടെ ചെവി കളിൽ വന്നലച്ചുകൊണ്ടിരുന്ന പല വിധം ശബ്ദങ്ങളും ആയി മാത്രമായിരുന്നു അവക്കു പുറത്തെ ലോകത്തോടുള്ള സമ്പക്കം. വിസ്മയകരങ്ങളായ രഹസ്യങ്ങൾ നിറഞ്ഞതും അപകടം അലതല്ലുന്നതുമായ ഒരു 'രാവണൻകോട്ട'യായി രവീന്ദ്രൻ ആ ലോകത്തെ ഉൾക്കണ്ണിൽ കണ്ടു.

വീട്ടിനുള്ളിൽതന്നെയും വ്യക്തമായി രണ്ടു ലോക ങ്ങൾ ഉണ്ടായിരുന്നു. ഒന്നു മുതിർന്നവരുടെ ലോകം; മറേറതു കുട്ടികളുടേതും. പ്രാപ്തിവന്ന കുടുംബാംഗങ്ങൾ മററു വീടുകളിൽനിന്നുമുള്ള സമപ്രായക്കാരെ സ്വീകരിച്ചു സൽക്കരിക്കയും, അവരുമായി സംഭാഷണങ്ങളിലും വിനോ ദങ്ങളിലും ഏപ്പെട്ടു രസിക്കയും ചെയ്തു. ഇങ്ങനെയുള്ള അവസരങ്ങളിൽ രവിയും കൂട്ടുകാരും അവരുടെ അടുത്തെ ത്താൻ ചെന്നാൽ, മുതിന്നവർ കയക്കും; അകലെപ്പോയി കളിക്കാൻ പറയും. കുട്ടികൾ കളിതുടങ്ങിയാലുടൻതന്നെ 'ഒച്ചവയ്ക്കരുതു്'' എന്നവർ ശാസിക്കയും ചെയ്യും. ഒച്ച യുണ്ടാക്കാതെ ശരിക്കു കളിക്കുന്നതെങ്ങനെയെന്നുള്ളതു് ആ ബാലന്മാരുടെ തീരാത്ത ഒരു സംശയമായി ശേഷിച്ചു. മററു വിധങ്ങളിലും, മുതിന്നവർ അവരെ ശല്യപ്പെടുത്തി

യിരുന്നു. ഒരിക്കൽ രവീന്ദ്രനും ചങ്ങാതിമാരുംകൂടി വളരെ പണിപ്പെട്ടു് കൽക്കഷ്ണങ്ങൾകൊണ്ടു് ഒരു ഗോപുരം തീൎത്തു. വളരെ ഭംഗിയുള്ളതായിരുന്നു ആ ഗോപുരം. അടുത്തു് ഒരു ചെറിയ പൂന്തോട്ടവുമുണ്ടായിരുന്നു. അതിലെ ചെടികളുടെ ചുവട്ടിൽ ചിത്രാകൃതിയിൽ കൽക്കഷ്ണങ്ങൾകൊണ്ടു് ചില പാത്തികൾ ഉണ്ടാക്കിയിരുന്നു. മുതിന്ന ഒരു ചേട്ടന്റെ പ്രയത്നങ്ങളിൽപ്പെട്ടതായിരുന്നു അതെല്ലാം. ഈ കൽക്കഷ്ണങ്ങൾ ഇളക്കിയെടുത്താണു് കുട്ടികൾ ഗോപുരം പണിതതു്. ചേട്ടൻ ആ വഴി പോയപ്പോൾ ഗോപുരം കണ്ടു; തന്റെ പാത്തികളിൽ നിന്നു കല്ക്കഷ്ണങ്ങൾ ഇളക്കി എടുത്തിരിക്കുന്നതും! അദ്ദേഹം ഗോപുരം കാലുകൊണ്ടൊരു തട്ടു്! കുട്ടികളോടു കലശലുകൂട്ടുകയും ചെയ്തു. ഈ രൂപമാററം അവരെ വളരെ വേദനിപ്പിച്ചു. രവീന്ദ്രൻ വിചാരിച്ചു: 'മുതിന്ന ആളുകൾക്കു ദ്രോഹബുദ്ധികൂടും; അവർ ഒന്നും മനസ്സിലാക്കുകയുമില്ല'.

അവർ മൂവരെയും പരിചരിപ്പാനും സൂക്ഷിപ്പാനുമായി ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. വ്രജേശ്വരൻ എന്നായിരുന്നു അയാളുടെ പേർ. വ്രജേശ്വരൻ ഒരു കണിശക്കാരനും മതനിഷ്ഠ ഉള്ളവനുമായിരുന്നു എങ്കിലും, പാലിലും മധുരപലഹാരങ്ങളിലും അവയ്ക്കൊപ്പംതന്നെ അയാൾക്കും പ്രിയമായിരുന്നു. കുട്ടികൾക്കു കൊടുപ്പാനേല്പിക്കുന്ന ഈ വക വസ്തുക്കൾ ഒട്ടൊട്ടു് അപഹരിക്കാറുണ്ടു് വ്രജേശ്വരൻ. രവീന്ദ്രനു് ഈ അനീതി സഹിക്കാമായിരുന്നില്ല. അതു നിരുത്താൻ കുട്ടികൾ തമ്മിൽ

ഒരാലോചന നടത്തി. ഒരു സൂത്രം പ്രയോഗിക്കാൻ നിശ്ചയിച്ചു. അവർ പുരാണത്തിൽ നിന്നും മററും ചില കഥകൾ പറകയുമായിരുന്നു. സംഭാഷണം വ്യക്തമായി കേൾക്കാവുന്ന ദൂരത്തിൽ വ്രജേശചരനും നില്പുണ്ടു്. അയാളെ കണ്ടതായി അവർ ഭാവിച്ചില്ല. ശ്രീകൃഷ്ണൻെറ കുസൃതിത്തരങ്ങളെപ്പററിയായി വർത്തമാനം; വെണ്ണയും പാലും മോഷ്ടിക്കുന്നതും മററും. സത്യൻ ഇടയ്ക്കൊരു ചോദ്യം, 'ആട്ടെ നന്ദനാണു് ഇങ്ങനെ ചെയ്തതെങ്കിൽ പെണ്ണുങ്ങൾ ഒവളിക്കു മിണ്ടുമായിരുന്നോ?' എന്നു്; രവീന്ദ്രൻ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: 'നന്ദനു് എന്തുമാകാം—അദ്ദേഹം 'വ്രജേശചര'നാണല്ലോ'.

ഗൃഹത്തിലെ പ്രായമായ അംഗങ്ങൾ വിശ്രമവേളകളിൽ ആ ബാലന്മാൎക്കു പല കഥകളും പറഞ്ഞുകൊടുത്തിരുന്നു. കള്ളന്മാരുടെയും കൊള്ളക്കാരുടെയും സാഹസകൃത്യങ്ങൾ, പുരാണങ്ങളിൽനിന്നും ഉപദേശരൂപത്തിലുള്ള ചരിത്രങ്ങൾ, യക്ഷികഥകൾ, എന്നിങ്ങനെ പലതും. അവിടെ കൈലാസു് എന്നൊരാൾ ഉണ്ടായിരുന്നു, മഹൎഷിയുടെ എഴുത്തുകാരനായിട്ടു്. സന്ദൎഭമനുസരിച്ചുള്ള വൎണ്ണനകളും, ഭാവമാററങ്ങളും, ചേഷ്ടകളും കൊണ്ടു് ഒരുകഥയ്ക്കു കൊഴുപ്പുകൊടുക്കാൻ അയാൾ ബഹുസമൎത്ഥനായിരുന്നു. കൈലാസു് കഥ പറയുന്നതു കേൾക്കാൻ എന്തു രസമായിരുന്നു രവീന്ദ്രനു്! ഒരു നാടകം കാണുന്ന അനുഭവമുണ്ടായിരുന്നു അയാളുടെ കഥ കേൾക്കുമ്പോൾ.

ചങ്ങാതിമാർ രണ്ടാളും തന്നെക്കാൾ അല്പം പ്രായക്കൂടുതൽ ഉള്ളവരായിരുന്നതുകൊണ്ടു്, ചിലപ്പോഴെല്ലാം

രവീന്ദ്രന് ഒററയ്ക്കു കഴിക്കേണ്ടിവന്നു. കൂടുതൽ സഹായം വേണ്ട കളികളിൽ അവർ രവീന്ദ്രനെ കൂട്ടാറില്ല. ആറു വയസ്സുകാരായ അവൎക്ക് നാലു വയസ്സുകാരനായ രവി ചുമ തലയും തന്റേടവുമില്ലാത്ത ഒരു ശിശു മാത്രം! ഇങ്ങനെ തനിച്ചാകുന്ന അവസരങ്ങളിൽ രവി. വളരെ വിശാല മായ ആ ഗൃഹത്തിനുള്ളിൽ അങ്ങുമിങ്ങും ചുററിനടന്നു സമയം പോക്കും. നിരവധി മുറികളും തളങ്ങളും ഇടനാഴി കളും ഉള്ളതായിരുന്നു ആ ഭവനം. രവിയുടെ ഭാവന ആ മുറികൾക്കുള്ളിൽ ഭൂതങ്ങളെയും, ഇടനാഴികളിൽ വന്യ മൃഗങ്ങളെയും കൊണ്ടു നിറച്ചു. അവയെ എതിർക്കുന്നതാ യും, കൗശലങ്ങൾ പ്രയോഗിച്ച് അവയിൽനിന്നു രക്ഷ നേടുന്നതായും മററും ആ ബാലൻ സ്വയം സങ്കല്പിച്ചു രസിച്ചു. വേറേ ചിലപ്പോൾ താൻ ഒരദ്ധ്യാപകനാണെ ന്നും, വരാന്തയ്ക്കരികിലുള്ള അഴികൾ വിദ്യാൎത്ഥികളാണെ ന്നും ഭാവിച്ചുകൊണ്ട് രവി വടികൾ മുറിഞ്ഞു തുണ്ടാ കുന്നതുവരെ അഴികളിൽ തല്ലി ക്ലാസ്സിൽ അച്ചടക്കം പാലിച്ചു വിനോദിക്കും. വീട്ടിൽ ചിലതു പണിയാൻ ഒരാശാരി വന്നിരുന്നു. അയാൾ മരംകൊണ്ട് ഒരു സിംഹപ്പാവ ഉണ്ടാക്കി രവീന്ദ്രനു സമ്മാനിച്ചു. ശ്രീരാമനും മററും അശ്വമേധയാഗം നടത്തിയ കഥകൾ ആ ബാലൻ കേട്ടിരുന്നു. രവിയ്ക്കു് ഒരാശയം തോന്നി. തനിയ്ക്കു് ഒരു 'പഞ്ചാസ്യമേധം' നടത്തിയാലെന്താണ്? കുറെ ചപ്പു ചിപ്പുകൾകൂട്ടി ഒരു തീക്കുണ്ഡം ഉണ്ടാക്കി. സിംഹപ്രതിമ യെ അലങ്കരിച്ച് എഴുന്നള്ളിച്ചുകൊണ്ടു നടന്നു. എന്നി ട്ട്, അതിനെ വെട്ടിനുറുക്കി തീയിൽ ഹോമിച്ചു. ഇതാ

യിരുന്നു രവിയുടെ 'പഞ്ചാസ്യമേധം,' അവിടെ ഒരു മൂലയിൽ ഒരു പഴയ പല്ലക്കിരിപ്പുണ്ടായിരുന്നു. അതിനുള്ളിൽ കയറി അടച്ചിരുന്നു്, താൻ ഒരു വീരയോദ്ധാവാണെന്നും, ചക്രവർത്തിയാണെന്നും ഒക്കെബ്ഭാവിച്ചു കളിക്കുന്നതും ആ ബാലന്റെ ഒരു പതിവായിരുന്നു.

പ്രകൃതിയുടെ സൗന്ദര്യം രവിയെ വളരെ ആകർഷിച്ചിരുന്നു. പൂന്തോട്ടത്തിലെ മണങ്ങളും, മഴ പെയ്യുമ്പോഴുള്ള മർമ്മരവും പക്ഷികളുടെ പാട്ടുകളും സന്ധ്യാകാലങ്ങളിൽ ആകാശത്തു കാണുന്ന വർണ്ണഭംഗികളും മേഘങ്ങളുടെ രൂപഭേദങ്ങളും, ചലനങ്ങളും ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ നേരംപോകുന്നതുതന്നെ ആ കുട്ടി അറിഞ്ഞിരുന്നില്ല. ഭൂമിക്കടിയിൽ ഒളിഞ്ഞുകിടപ്പുള്ള നിധികളെക്കുറിച്ചും, തന്റെ ചുററുപാടും ഓരോ ദിവസവുമുണ്ടാകുന്ന മാററങ്ങളുടെ സമ്പ്രദായത്തെക്കുറിച്ചും രവി ആലോചിച്ചു

അങ്ങനെ, രവീന്ദ്രന്റെ ജീവിതം ബാല്യത്തിൽ നിന്നു കൗമാര ദശയിലേക്കു നീങ്ങി.

II

വിദ്യാർത്ഥി ജീവിതം

നന്നേ ചെറുപ്പത്തിൽത്തന്നെ പള്ളിക്കൂടത്തിൽ ചേൎന്നു. സോമേന്ദ്രനും സത്യനും സ്കൂളിൽ ചേൎന്നതു മുതൽക്ക് രവിയും അവരോടൊപ്പം പോകാൻ ശാഠ്യം പിടിച്ചു. സ്കൂളിൽ കളിയൊന്നും പററില്ല. അവിടെ ച്ചെന്നാൽ ചില ചട്ടങ്ങളെല്ലാം അനുസരിക്കണം. ഉപാദ്ധ്യായൻ തല്ലും, എന്നൊക്കെ ഗുരുജനങ്ങൾ പറഞ്ഞു നോക്കി. എന്നാൽ ഇതൊന്നുകൊണ്ടും രവിയുടെ നിർബന്ധം ശമിച്ചില്ല. ഒടുവിൽ സ്കൂളിൽ ചേർക്കാനുള്ള പ്രായമായില്ലെങ്കിലും, അവർ ആ കുട്ടിയെ പാഠശാലയിലയച്ചു തുടങ്ങി.

പള്ളിക്കൂടത്തിലെ ജീവിതം രവീന്ദ്രന്, അധികം താമസിയാതെതന്നെ അസുഖകരമായിത്തോന്നി. സ്കൂളിലയക്കുന്നതിനെതിരായി തന്റെ ഗുരുജനങ്ങൾ പറഞ്ഞ സംഗതികൾ വാസ്തവമായിരുന്നു എന്നു ബോധ്യപ്പെട്ടു. തൊട്ടതിനും പിടിച്ചതിനുമൊക്കെ ഉപാദ്ധ്യായൻ കുട്ടികളെ ശാസിക്കുകയും തല്ലുകയും ചെയ്യുമായിരുന്നു. പഠിക്കേണ്ടതൊക്കെ മനഃപാഠമാക്കാതെ ക്ലാസ്സിൽവരുന്ന കുട്ടികളെ മാസ്റ്റർ ബെഞ്ചിന്മേൽ കയററി നിൎത്തും. അവർ കൈകൾ രണ്ടും നീട്ടി കൈപ്പടം മേലെയാക്കിപ്പിടിച്ചു നില്ക്കണം. തനിക്കു രസമില്ലാത്ത വിവരങ്ങൾ ഉരുവിട്ടു പഠിക്കാൻ കൂട്ടാക്കാത്ത രവീന്ദ്രനും ഒന്നിലധികം പ്രാവശ്യം

ഈ ശിക്ഷ അനുഭവിക്കേണ്ടിവന്നു. തൻെറ ഒരുമിച്ചു പഠിക്കുന്നവർ, വൃത്തിയും മര്യാദയും ഇല്ലാത്തവരും, ഉപാദ്ധ്യായനെപ്പോലേതന്നെ വഴക്കുപിടിക്കാൻ വിരുതരും ആണെന്നു രവിക്കു തോന്നി. ഒരു 'തൊട്ടാവാടി' പ്രകൃതക്കാരനായ അയാൾക്കു സ്കൂളിലെ നടപടികളും ദിനസരിക്രമങ്ങളും വേഗം വെറുത്തു. അക്രമികളെ ശിക്ഷിച്ചു് ആൻഡമാൻ ദ്വീപുകളിലേയ്ക്കു നാടുകടത്തുന്നതിനു തുല്യമാണു് വിദ്യാർത്ഥികളെ സ്കൂളിലയക്കുന്നതു് എന്നു രവി പറഞ്ഞുതുടങ്ങി. ആദ്യത്തെ സ്കൂളിൽ അധികകാലം പഠിച്ചില്ല. താമസിയാതെ അവർ മൂവരേയും വേറൊരു സ്കൂളിലേയ്ക്കു മാററി. ഏറെക്കഴിയുംമുമ്പു് അവിടന്നു മൂന്നാമതൊരു സ്കൂളിലേയ്ക്കും.

ഒമ്പതു വയസ്സുമുതൽ രവീന്ദ്രനു് സ്കൂളിലെ പഠിത്തത്തിൽ കൂടുതൽ ശുഷ്കാന്തി കാട്ടേണ്ടതായി വന്നു. ഇക്കാലത്തു് മഹർഷി ദേവേന്ദ്രനാഥടാഗ്രർ സ്വഗൃഹംവിട്ടു് അന്യദേശങ്ങളിൽ സഞ്ചാരമായിരുന്നു. രവിയുടെ മൂന്നാമത്തെ ജ്യേഷ്ഠനായ ഹേമേന്ദ്രനാഥനായിരുന്നു വീട്ടുകാര്യങ്ങൾ അന്വേഷിച്ചുപോന്നതു്. ഇരുപത്തിയഞ്ചു വയസ്സു പ്രായമുള്ള അദ്ദേഹം കുട്ടികളെ നല്ലതിൻവണ്ണം വിദ്യാഭ്യാസം ചെയ്യിക്കണമെന്നു നിഷ്ഠയുള്ള ആളായിരുന്നു. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പ്രഭാതം മുതൽ രാത്രിവരെ കുട്ടികൾ മിനക്കെട്ടു പഠിച്ചുകൊള്ളണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഊർജ്ജിതനിയമം. സൂര്യപ്രകാശമായാലുടൻ ഉണന്നു്, വീട്ടുപറമ്പിൻെറ ഒരു കോണിൽ ചെന്നു ഗുസ്തിമുറകൾ പരിശീലിക്കണം, ഏഴുമണിക്കു്

വീട്ടുവാദ്ധ്യാർ വരും. ഒൻപതുമണിവരെ അദ്ദേഹത്തിന്റെ അടുക്കൽ പഠിക്കണം. പത്തുമണിമുതൽ നാലുമണിവരെ സ്കൂളിലും, സ്കൂൾവിട്ടുവന്നാൽ ആറുമുതൽ രാത്രി ഒൻപതുമണിവരെ വീട്ടിലും പഠനംതന്നെ. ഇതായിരുന്നു രവീന്ദ്രൻെറ സാമാന്യ ദിനചര്യ.

അക്കാലത്തു് ബംഗാളിലെ സ്കൂളുകളിൽ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിലാണു് പഠിപ്പിച്ചിരുന്നതു്. ഹേമേന്ദ്രനാഥന് ഇതിഷ്ടമായില്ല. അദ്ദേഹം, തൻെറ ചുമതലയിലുള്ള കുട്ടികളെ, എല്ലാ വിഷയങ്ങളും ബംഗാളിയിൽ തന്നെ പഠിപ്പിക്കുവാൻ അദ്ധ്യാപകരോടാവശ്യപ്പെട്ടു. ഇങ്ങനെ ഒരു മാററം വരുത്തിയതിന്നു്, പ്രായമായശേഷം, രവീന്ദ്രനു് ജ്യേഷ്ഠനോടു വളരെ നന്ദി തോന്നിയിട്ടുണ്ടു്. അവരെ സയൻസിൻെറ അദ്യപാഠങ്ങൾ അഭ്യസിപ്പിക്കാൻ പ്രത്യേകമായി ഒരുപാദ്ധ്യായനെ ഏർപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ രവീന്ദ്രനു് അസാധാരണ താൽപര്യവും കൗതുകവും ഉണ്ടായി. സയൻസു മാസ്റ്റർ വരാതിരിക്കുന്ന ദിവസങ്ങളിൽ രവി വളരെ നിരാശപ്പെട്ടു. എന്നാൽ, ഇംഗ്ലീഷു പഠിക്കുന്ന സംഗതിയിൽ രവിയുടെ മട്ടു് ഇതിന്നു നേരെ വിപരീതമായിരുന്നു. ഓരോ പുതിയ പാഠവും തുടങ്ങുന്നതിന്നു മുൻപു് കനത്ത അക്ഷരത്തിൽ അടിച്ചിരുന്ന കുറെ വാക്കുകൾ സ്പെല്ലിങ്ങുസഹിതം ഉരുവിടാനുണ്ടായിരുന്നു. ഈ സമ്പ്രദായമായിരുന്നു നീരസത്തിന്നു ഹേതു. ഇംഗ്ലീഷുമാസ്റ്റർ പഠിപ്പിക്കാൻ വരുന്ന സമയമോ ? രാത്രി എട്ടുമണിക്കു ! അപ്പോൾ അത്താഴം കഴിഞ്ഞിരിക്കും. ദിവസത്തെ ആയാസങ്ങളും, നിറഞ്ഞ

വയറും, ഉറക്കത്തിന്നു പ്രേരണ നല്കുന്ന സമയത്തെ ഇംഗ്ലീഷ്പഠിത്തം ആ കുമാരനെ മടുപ്പിച്ചതിൽ അതിശയിപ്പാനില്ല.

ഇടതടവില്ലാതെ ദിവസംതോറും ആവൎത്തിക്കുന്ന ഈ അഭ്യസനക്രമം രവീന്ദ്രനെ തുലോം മുഷിപ്പിച്ചു. ആ ബാലൻ ഇളവിന്നും, വിശ്രമത്തിന്നും അതിയായി ആശിച്ചു. ഉപാദ്ധ്യായൻ നല്ല ശരീരബലമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു. ഒരു ദിവസവും മുടക്കുകയില്ല—ഘോരാരത്തമഴയും ഇടിമിന്നലും ഉള്ള ദിവസം പോലും. ശിഷ്യന്നു ഒഴിവു വേണമെങ്കിൽ അയാൾക്കു സുഖക്കേടാകണം. രവി തന്നിക്കു ജലദോഷമോ പനിയോ വരുത്താൻ നല്ലതിൻവണ്ണം ശ്രമിച്ചുനോക്കി. പക്ഷെ, പററിയില്ല. ഒടുവിൽ ഒരു പോംവഴി കണ്ടുപിടിച്ചു. ഒഴിവു വേണമെന്നു തോന്നുന്ന അന്നു് തന്നിക്കു വയറു വേദനയാണെന്നു ഭാവിക്കുക: ആ തന്ത്രം ഫലിച്ചു. രവീന്ദ്രനു ചിലപ്പോൾ അങ്ങനെ അവധി കിട്ടി.

ഇക്കാലത്താണു്, രവി, ആദ്യമായി കവിതകൾ രചിക്കുവാൻ തുടങ്ങിയതു്. അച്ഛന്റെ ഗുമസ്തന്മാർ സൗജന്യമായി നല്കിയ നോട്ടുപുസ്തകങ്ങളിൽ രവീന്ദ്രൻ വലുതും സ്പഷ്ടതയില്ലാത്തതുമായ കൈയക്ഷരത്തിൽ കവിതകൾ എഴുതി നിറച്ചു. അവയെ വീട്ടിൽ എല്ലാവരേയും ഉച്ചത്തിൽ വായിച്ചു കേൾപ്പിച്ചു. 'നല്ല' ഒരു കവിതക്കു ഗൗരവവും ശബ്ദഭംഗിയുമുള്ള പദങ്ങൾ വേണ്ടതാണെന്നു് ആ കൊച്ചു കവി വിചാരിച്ചു. ഒരു ദിവസം ഒരു പഴയ പുസ്തകത്തിൽ 'ദ്വിരേഫം' എന്നൊരു പദം കണ്ടുകിട്ടിയപ്പോൾ

രവീന്ദ്രന് വലിയ ഉത്സാഹം തോന്നി. ഉടൻതന്നെ അതു് ഒരു കവിതയിൽ പ്രയോഗിച്ചു. ആ പദ്യം വായിച്ചുകേട്ട ഒരു കുടുംബബന്ധു ചോദിച്ചു: 'വളരെ നന്നു്; പക്ഷേ, എന്താണു് ഈ "ദ്വിരേഫം?"' ഈ മനുഷ്യൻ, തനിക്കു് ഏറ്റവും പ്രിയം തോന്നിയ ആ പദത്തെ കളിയാക്കുകയാണെന്നാണു് രവീന്ദ്രൻ ശങ്കിച്ചതു്. ആ ബാലൻ ഒന്നും മിണ്ടാതെ, തൻെറ നോട്ടുബുക്കുമായി അവിടന്നു കടന്നു.

പതിനൊന്നു വയസ്സിൽ രവീന്ദ്രൻ തീർച്ചയാക്കി, സന്തോഷത്തെ അപേക്ഷിച്ചു സന്താപമാണു് കവിതയ്ക്കു കൂടുതൽ ഇണങ്ങുന്ന ഭാവമെന്നു്. ലോകത്തിലെ ക്ലേശങ്ങൾ യാതൊന്നുമറിയാത്ത ആ കുമാരൻ അക്കാലത്തു് 'വിശ്വവൈവശ്യ'ത്തെപ്പററി കുറെ ശ്ലോകങ്ങൾ രചിച്ചു. ഇതു് പിതാവായ മഹർഷിയെ കുറഞ്ഞൊന്നു രസിപ്പിച്ചു. എന്നാൽ, അദ്ദേഹത്തിനു് തൻെറ കൊച്ചുമകൻെറ കവിതാപരിശ്രമങ്ങളിൽ, അലസമായ കൗതുകം മാത്രമല്ല ഉണ്ടായതു്. ദേവേന്ദ്രനാഥൻ മനഃപൂർവ്വം ആഗ്രഹിച്ചു, പുത്രനിലുള്ള ആ അഭിരുചി തഴച്ചുവളൎന്നു പുഷ്ടിപ്പെട്ടു കാണുവാൻ.

രവീന്ദ്രൻെറ കവിതയെഴുത്തിനെക്കുറിച്ചു് വീട്ടിൽ മാത്രമല്ല സ്കൂളിലും കേൾവി പരന്നു. ഒരു ദിവസം ഹെഡ്മാസ്റ്റർ അയാളെ വിളിച്ചുവരുത്തി ഒരു കവിത ഉണ്ടാക്കാൻ ആജ്ഞാപിച്ചു. വിഷയം അദ്ദേഹംതന്നെ തിരഞ്ഞെടുത്തു. 'സന്മാൎഗ്ഗപഥ്യ'. ഒരു ദിവസം രവീന്ദ്രൻ കവിത എഴുതിക്കൊണ്ടുവന്നു. സ്കൂളിലെ ഏററവും ഉയൎന്ന ക്ലാസ്സിൽ അതു വായിപ്പാനും ഹെഡ്മാസ്റ്റർ

കല്പിച്ചു. രവീന്ദ്രൻ അനുസരിച്ചു. എന്നാൽ ആ ക്ലാസ്സി ലെ കുട്ടികൾ അതു് രവീന്ദ്രൻ എഴുതിയതല്ലെന്നും ഏതോ പുസ്തകത്തിൽനിന്നു പകർത്തിയതാണെന്നും അഭിപ്രായ പ്പെട്ടു. ഈ രംഗത്തെ, പിന്നീടു് രവീന്ദ്രനാഥൻ തന്റെ 'പഴയ സ്മരണകൾ' എന്ന കൃതിയിൽ ഇങ്ങനെ വിവരി ച്ചിരിക്കുന്നു:-

'ആ സന്മാർഗ്ഗകവിതയുടെ ഒരു നല്ല വശം, അതു്, എളുപ്പം എങ്ങോ കളഞ്ഞുപോയി എന്നുള്ളതാണു്. അതു് ക്ലാസ്സിലെ കുട്ടികളിൽ ഉണർത്തിയ സന്മാർഗ്ഗ ബോധം അതൃപ്തികരമായിരുന്നു. അവരിൽ മിക്കവ രും അതു് എന്റേതല്ലെന്നു തീർച്ചയാക്കി. ഒരുവൻ ഞാനതു കട്ടെടുത്ത പുസ്തകം ക്ലാസ്സിൽ ഹാജരാക്കാമെന്നു പോലും ഏററു'.

ആകപ്പാടെ സ്കൂൾജീവിതം രവീന്ദ്രനു നന്നേ മുഷിഞ്ഞു. ഒരേ മട്ടുതന്നെ ദിവസേന ആവർത്തിക്കുന്നതു്. അയാളുടെ ഉത്സാഹം കെടുത്തിക്കളഞ്ഞു. എന്നാൽ അധികം താമസിയാതെ വീട്ടിൽ പുതിയൊരംഗം വന്നു ചേർന്നു. ഒരു ജ്യേഷ്ഠന്റെ ഭാര്യ. ആ സ്ത്രീ രവീന്ദ്ര ന്റെ നേരെ അതിവാത്സല്യത്തോടുകൂടിയാണു് പെരു മാറിയതു്. അവർ സ്വാദുള്ള പലഹാരങ്ങൾ ഉണ്ടാക്കി കുട്ടികൾക്കു കൊടുത്തു—വ്രജേശ്വരൻ കൊടുക്കുന്നതിലും എത്രയോ നല്ല പലഹാരങ്ങൾ. ബാലന്മാരോടൊന്നിച്ചു കളിക്കുന്നതിലും രവീന്ദ്രന്റെ കവിതകൾ ശ്രദ്ധിച്ചുകേട്ടു് അവയുടെ കുററങ്ങളും കുറവുകളും പറഞ്ഞുകൊടുക്കുന്നതി ലും ആ സ്ത്രീ ഉത്സാഹം പ്രദർശിപ്പിച്ചു. രവീന്ദ്രൻ അഴ

കള്ള കുമാരനാണെന്നോ, അയാളുടെ കവിതകൾ മെച്ചമെന്നോ, മററുള്ളവരെപ്പോലെ, അവർ ഒരിക്കലും സമ്മതിച്ചുകൊടുത്തുമില്ല. ഇതു് തന്റെ അഹംഭാവത്തിനു് ഒരു നല്ല നിയന്ത്രണമായിത്തീൎന്നു എന്നു് രവീന്ദ്രനാഥൻ പിന്നീടു സമ്മതിച്ചിട്ടുണ്ടു്.

കുറെക്കഴിഞ്ഞു്, ഗംഗയുടെ തീരത്തു് ഒരു പുതിയ വീട്ടിൽ, അവർ മാറിത്താമസിച്ചു. ആ വസതി സ്കൂളിൽനിന്നും അകലത്തായിരുന്നതുകൊണ്ടു്, ദിവസേന പള്ളിക്കൂടത്തിൽ പോകേണ്ട ക്ലേശവും തൽക്കാലത്തേക്കു് അവസാനിച്ചു. ഗംഗാതീരത്തിലെ ഈ വാസം പലതുകൊണ്ടും രവീന്ദ്രനു സന്തോഷമുണ്ടാക്കി. ഗംഭീരയായ ആ മഹാനദി, ഇരുകരകളിലും മുട്ടി ഒഴുകുന്നതു കണ്ടുകൊണ്ടിരിക്കുന്നതുതന്നെ ഒരാനന്ദമായിരുന്നു. ഒരു ഗ്രാമമുണ്ടായിരുന്നു അടുത്തുതന്നെ. ഒരു ദിവസം കൂട്ടുകാരുമൊന്നിച്ചു് രവീന്ദ്രൻ ആ ഗ്രാമത്തിലേക്കു പോയി. എന്നാൽ അവിടമെല്ലാം നടന്നു കാണുന്നതിനുമുമ്പു് വീട്ടിലെ വലിയവർ കണ്ടു് അവരെ ശാസിച്ചു തിരിച്ചയച്ചു. പുതിയ വീട്ടിൽ വന്നപ്പോൾ രവീന്ദ്രനു് കൂട്ടിൽനിന്നു പുറത്തുവിട്ട ഒരു കിളിയുടെ സ്വാതന്ത്ര്യം തോന്നിയിരുന്നു. എന്നാൽ, അത്രത്തോളം സ്വാതന്ത്ര്യമില്ലാ എന്നു് മുതിർന്നവരുടെ ഈ പെരുമാററം അനുഭവപ്പെടുത്തി. എന്നുവരികിലും നഗരമദ്ധ്യത്തിലെ വലിയ ഗൃഹത്തിൽനിന്നു് എത്രയോ ഭേദമായിരുന്നു നദിക്കരികിലുള്ള പുത്തൻ പാർപ്പിടവും അതിന്റെ പരിസരങ്ങളും.

III

സ്വാതന്ത്ര്യമായ അഭ്യാസം

പന്ത്രണ്ടു വയസ്സിൽ രവീന്ദ്രന്ന് ഉപനയന കർമ്മം കഴിച്ചു. അതിനുശേഷം പിതാവുമൊരുമിച്ച് ഒരു സഞ്ചാരം നടത്തി. മഹർഷി ദേവേന്ദ്രനാഥന്ന് ബോല്പൂരിനു രണ്ടു മൈൽ അകലെ വിശാലമായ ഒരു തോട്ടമുണ്ടായിരുന്നു. അദ്ദേഹം അതിൽ സാമാന്യം വലിയ ഒരു കെട്ടിടവും തീർത്തിരുന്നു. 'ശാന്തിനികേതനം' എന്നു പേർ നൽകിയിരുന്ന ഇതിനെ മഹർഷി തന്റെ ആശ്രമമായിട്ടാണു ഗണിച്ചതു്. കല്കത്തായിൽനിന്നു് അവർ നേരിട്ടു പോയതു് ഈ സ്ഥലത്തേക്കായിരുന്നു. രവീന്ദ്രൻ ആദ്യമായി ഒരു തീവണ്ടിയിൽ യാത്രചെയ്തതും അപ്പോഴാണു്. തീവണ്ടിയാത്രയിലെ അപകടങ്ങളേയും ബുദ്ധിമുട്ടുകളേയും കുറിച്ചു് സത്യവും മററും പറഞ്ഞു് പലതും അയാൾ കേട്ടിരുന്നു. എന്നാൽ, അവർക്കു യാതൊരു ക്ലേശങ്ങളും നേരിട്ടില്ല. ഇതു് രവീന്ദ്രന്നു് അല്പം നിരാശയാണുളവാക്കിയതു്. പക്ഷേ ശാന്തിനികേതനം വളരെ നല്ലൊരു സ്ഥലമായിരുന്നു. പരന്നു വിശാലമായി കിടക്കുന്ന പുൽത്തകിടികൾ, വളർന്നു പന്തലിച്ചു നിൽക്കുന്ന വടവൃക്ഷങ്ങൾ, തെററിയും പാലയും ഒക്കെ പൂത്തുനില്ക്കുന്ന കുറ്റിക്കാടുകൾ, എന്നിങ്ങനെ പലതും ആ തോട്ടത്തിൽ ഉൾപ്പെട്ടിരുന്നു. അവിടെയെങ്ങും ഇഷ്ടം പോലെ ചുററിനടക്കാനുള്ള സ്വാതന്ത്ര്യവും അച്ഛൻ അനുവദിച്ചു. ഇതിന്നു പുറമെ

മേൽനോട്ടവും, തടസ്സപ്പെടുത്തലും ഒന്നും കൂടാതെ, ഏത്തു ഗ്രാമത്തെക്കാളും പതിന്മടങ്ങു വിശാലമായ ആ പ്രദേശത്തു പെരുമാറാമെന്നുള്ളതുതന്നെ രവിക്കു് ഒരു വമ്പിച്ച മാററമായിത്തോന്നി. താൻ കൂട്ടിൽനിന്നു രക്ഷപ്പെട്ട ഒരു കിളിയായിത്തീൎന്നിരിക്കുന്നു!

രവീന്ദ്രനു സ്വപിതാവിനോടു വലിയ ബഹുമാനമായിരുന്നു. രവിയുടെ ശൈശവകാലത്തു് അച്ഛൻ വീട്ടിൽ ഉണ്ടായിരിക്കുക തന്നെ അപൂർവ്വമായിരുന്നു. അതിനുശേഷവും തനിക്കു് അദ്ദേഹത്തോടു വളരെ അടുത്തു സമ്പൎക്കം ഉണ്ടായില്ല. എന്നാൽ ഇപ്പോഠം, ആശ്രമത്തിൽ അവർ രണ്ടുപേരും തനിച്ചേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ഇളയ പുത്രൻെറ പ്രവൃത്തികളിൽ പ്രത്യേകമായി ശ്രദ്ധിച്ചു; അയാളുടെ സംഭാഷണം താല്പൎയ്യത്തോടെ കേട്ടു; ചിലപ്പോഠം വേണ്ട ഉപദേശങ്ങഠം നല്കി; ചില്ലറപ്പണികഠം ചെയ്യാൻ അയാളെ ചുമതലപ്പെടുത്തി; ഇതെല്ലാം രവീന്ദ്രനു് അഭിമാനവും സന്തോഷവും ഉളവാക്കിയ സംഭവങ്ങളായിരുന്നു.

ശാന്തിനികേതനത്തിൽ ഒരു ഭാഗത്തു് രണ്ടു വലിയ വൃക്ഷങ്ങഠം വളൎന്നുനില്പുണ്ടു്. അവയുടെ ചുവട്ടിൽ ദിവസവും കാലത്തു് മഹൎഷി ധ്യാനനിഷ്ഠനായിരിക്കും. വളരെക്കൊല്ലങ്ങഠംക്കുശേഷം രവീന്ദ്രൻ ഈ സ്ഥലത്തു് അച്ഛൻെറ ഓർമ്മയ്ക്കായി ഒരു ശില പ്രതിഷ്ഠിച്ചു. മഹൎഷിയുടെ ജീവിതരീതിയും, അദ്ദേഹം കാണിച്ചുകൊടുത്ത മാതൃകയും, രവീന്ദ്രനു് ഉത്തമമായ പ്രേരണയായിബ്ഭവിച്ചു. 1873-ലെ ഗ്രീഷ്മകാലത്തു് അവരിരുവരും ശാന്തിനികേ

തന്നത്തിൽ ഒന്നിച്ചു കഴിച്ച ദിവസങ്ങൾ, പുത്രൻെറ സ്വഭാവരൂപീകരണത്തിൽ വളരെ സാരമായ ഒരു പങ്കാണു വഹിച്ചത്.

അവർ അവിടെനിന്നും അമൃതസരസ്സിലേക്കു പോയി. സിക്കുമതക്കാരുടെ കേന്ദ്രവിശേഷമായ ഒരു ക്ഷേത്രമുണ്ട് അവിടെ. മഹർഷി മകനേയുംകൂട്ടിക്കൊണ്ട് ആ ക്ഷേത്രം സന്ദർശിച്ചു. ബംഗാളിൽനിന്ന് ഒരു ബ്രാഹ്മണൻ, തങ്ങളുടെ ക്ഷേത്രത്തിൽ പ്രാർത്ഥനയ്ക്കുവന്നതും, അപ്പോൾ തങ്ങളുടെ പ്രത്യേകവകയായ ചില കീർത്തനങ്ങൾ പാടിയതും, സിക്കുകാർക്ക് അതിശയവും സന്തോഷവും ജനിപ്പിച്ചു. ദേവേന്ദ്രനാഥന് അമൃതസരസ്സു വിടുംമുമ്പ് സിക്കുമതക്കാരുടെ കൂട്ടത്തിൽ പല സ്നേഹിതന്മാരുമുണ്ടായി. അച്ഛൻെറ ഇത്തരത്തിലുള്ള പെരുമാററങ്ങൾ രവീന്ദ്രന് ഒന്നാന്തരം ഉദാഹരണങ്ങളായി. അന്യമതങ്ങളിലുള്ള നല്ല ആദർശങ്ങൾ സ്വീകരിപ്പാനും, ഈശ്വരാരാധനയിൽ ജാതിഭേദം നോക്കാതെ എല്ലാവരോടും സഹകരിപ്പാനും, അവ പഠിപ്പിച്ചു.

അമൃതസരസ്സിൽനിന്നും അവർ പോയതു് ഹിമാലയത്തിലെ 'ഡാൽഹൗസി' എന്ന സ്ഥലത്തേക്കായിരുന്നു. അവിടെ അവർ നാലുമാസം പാർത്തു. ദിവസവും കാലത്തേ മഹർഷിയും മകനുമൊന്നിച്ചു നടക്കാനിറങ്ങും. എന്നാൽ കുന്നും ചെരിവും കയറിയിറങ്ങുന്നതിൽ അച്ഛനോടൊപ്പമെത്താൻ ബാലനായ രവീന്ദ്രന് പലപ്പോഴും സാധിച്ചിരുന്നില്ല. അയാളെ വിട്ടിട്ട് അച്ഛൻ യാത്രതുടരും. വ്യക്തിയരീതികളിലും, അദ്ധ്വാനശീലത്തിലും വിശ്വ

സിച്ചിരുന്ന ആളാണു് മഹർഷി ദേവേന്ദ്രനാഥൻ. പുത്രനേയും ഈ മാർഗ്ഗങ്ങളിൽ പരിശീലിപ്പിക്കാൻ ആയിരുന്നു അദ്ദേഹത്തിൻെറ യത്നം. ഡാൽഹൗസി കഠിനമായ തണുപ്പുള്ള ഒരു ദിക്കാണു്. അവിടത്തെ വെള്ളം മഞ്ഞുപോലെ ശീതളമാണു്. എന്നിട്ടും കാലത്തെ പച്ചവെള്ളത്തിൽതന്നെ കുളിപ്പാൻ മകനെ അദ്ദേഹം നിർബന്ധിച്ചു. ഈ ചിട്ട രവീന്ദ്രനു പിന്നീടു് വളരെ ഉപകാരമായി. ഇംഗ്ലണ്ടിൽ താമസിച്ചിരുന്നപ്പോഴും കുളിയ്ക്കു പച്ചവെള്ളംതന്നെ ഉപയോഗിക്കാൻ കഴിഞ്ഞു.

ഡാൽഹൌസിയിൽ താമസിച്ച ആ നാലു മാസം മററു വിധത്തിലും രവീന്ദ്രനു ഏററെ പ്രയോജനപ്പെട്ടു. ദേവേന്ദ്രനാഥൻ, പുത്രനു് ഇംഗ്ലീഷിലും സംസ്കൃതത്തിലും ദിവസേന പാഠങ്ങൾ കൊടുത്തു. കാളിദാസൻെറ പ്രസിദ്ധമായ മേഘദൂതം കാവ്യം രവീന്ദ്രൻ നിഷ്കർഷയോടെ പഠിച്ചതു് അവിടെവച്ചായിരുന്നു. കൂടാതെ രാത്രികാലങ്ങളിൽ ആകാശത്തിലെ നക്ഷത്രങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ടു് അദ്ദേഹം ജ്യോതിശ്ശാസ്ത്രത്തിലെ പല തത്വങ്ങളും രവിയ്ക്കു പറഞ്ഞുകൊടുത്തു. കവടിക്രിയയും കണക്കുകൂട്ടലും മററും വേണ്ട ഒരു ശുഷ്ക ശാസ്ത്രമായിട്ടല്ല, കവിതയും ഗൂഢരഹസ്യങ്ങളും നിറഞ്ഞ ഒരു പുതിയ അറിവായിട്ടാണു് രവീന്ദ്രൻ ജ്യോതിഷം ഗ്രഹിച്ചതു്. പിൽക്കാലത്തെ പല കവിതകളിലും മനോഹരവും അനന്തവുമായ വിശ്വപ്പരപ്പിൽ നമ്മളും പെടുന്നതിലുള്ള ആഹ്ലാദം രവീന്ദ്രൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതിനുള്ള പ്രേരണ ആദ്യമായി കൂമ്പെടുത്തതു് ഡാൽഹൌസിയിലെ കുന്നിൻപുറങ്ങളിൽ വച്ചായിരുന്നു.

കൽക്കത്തായിൽ മടങ്ങിയെത്തിയശേഷം രവിയെ വീണ്ടും സ്കൂളിലയച്ചു. ഇത്തവണ, സെയിൻറ് സേവിയേഴ്സ് കോളേജിലാണ് ചേൻ പഠിച്ചതു്. മുമ്പു താൻ പഠിച്ച പള്ളിക്കൂടങ്ങളെ അപേക്ഷിച്ച് ഇവിടത്തെ അദ്ധ്യാപകന്മാരേയും വിദ്യാൎത്ഥികളേയും രവീന്ദ്രൻ ഇഷ്ടപ്പെട്ടു. അവിടത്തെ ഒരദ്ധ്യാപകൻ ആ സ്കൂളിലെ സാധാരണ മറ അനുസരിച്ചുള്ള പഠനം പോരാ ആ വിദ്യാൎത്ഥിക്ക് എന്നു കണ്ടു് അയാൾക്കു പ്രത്യേക പാഠങ്ങൾ നൽകി. ഷേക്സ്പീയറുടെ മാക്ബെത്ത് നാടകം ബംഗാളിയിൽ തർജ്ജിമ ചെയ്യാൻ രവീന്ദ്രനെ പ്രേരിപ്പിച്ചതു് ഈ മാസ്റ്ററായിരുന്നു. കൂടാതെ, മുരട്ടറച്ച നല്ല സാഹിത്യകൃതികൾ പരിശീലിക്കുവാനും ഈ ഉപാദ്ധ്യായൻ അയാളെ ഉപദേശിച്ചു.

ഇങ്ങനെയൊക്കെ, പ്രത്യേകമായ ശ്രദ്ധ തനിക്കു ലഭിച്ചു എങ്കിലും, രവീന്ദ്രൻ അപ്പോഴും സ്കൂൾ സമ്പ്രദായങ്ങളോടു മെരുങ്ങിയില്ല. അയാൾ അവിടത്തെ നിയന്ത്രണങ്ങളെ വെറുത്തു. ഡാൽഹൌസിയിലെ താമസക്കാലത്തുണ്ടായ സ്വതന്ത്രജീവിതത്തിൻെറ രുചി സ്കൂൾ, ഒരു തടവാണെന്നുള്ള തൻെറ പഴയ അഭിപ്രായത്തെ ഒന്നുകൂടി ബലപ്പെടുത്തി. ഇതിൻെറ ഒക്കെ ഫലമായി പലപ്പോഴും രവീന്ദ്രൻ ക്ലാസ്സുകളിൽ ഹാജരാകാതെ ആയി. അനുജൻെറ ഇത്തരം പെരുമാററങ്ങൾ കണ്ടു് ജ്യേഷ്ഠന്മാർ നിശ്ചയിച്ചു, അയാൾ പള്ളിക്കൂടത്തിൽ പോകണ്ടാ, വീട്ടിലിരുന്നു പഠിച്ചുകൊള്ളട്ടെ, എന്നു്. ഈ തീർച്ച രവീന്ദ്രനും തൃപ്തികരമായിരുന്നു. അങ്ങനെ, തൻെറ പതി

മൂന്നാമത്തെ വയസ്സിൽ രവീന്ദ്രനാഥൻ സ്കൂളിൽപോകൽ അവസാനിപ്പിച്ച് ഒരു സ്വതന്ത്രവിദ്യാർത്ഥിയായി.

സ്വഗൃഹത്തിലെ പ്രായപൂർത്തിവന്ന അംഗങ്ങളുടെ ജീവിതഗതിയിലും, താൽപര്യങ്ങളിലും പങ്കെടുത്തുകൊണ്ട് പതിനേഴ വയസ്സുവരെ രവീന്ദ്രൻ യരശങ്കോവിൽ തന്നെ താമസിച്ചു. ഇക്കാലത്ത് തന്റെ മൂത്ത സഹോദരന്മാരുമായി അയാറം കൂടുതൽ അടുത്തു. എല്ലാവരിലും വച്ച് മൂത്തയാറം ദ്വിജേന്ദ്രനാഥനായിരുന്നു. അദ്ദേഹം ഒരു നല്ല ചിന്തകനും, എഴുത്തുകാരനും, പല സംഗതികളിലും താൽപര്യം ഉള്ളവനുമായിരുന്നു. ദ്വിജേന്ദ്രനാഥനെ കാണ്മാനായി അന്നത്തെ യുവാക്കന്മാർ പലരും വീട്ടിൽ വരും. ഇവരുമായുള്ള സമ്പക്കം രവീന്ദ്രന് പല പല അഭിപ്രായഗതികളുമായി ഇടപഴകുന്നതിന് ഉപകരിച്ചു. ദ്വിജേന്ദ്രനു നീന്തുവാൻ നല്ലവണ്ണം അറിയാമായിരുന്നു. സൗകര്യം കിട്ടുമ്പോഴൊക്കെ ഗംഗയിൽപോയി നീന്തുന്നതിൽ അദ്ദേഹം ഉത്സാഹം കാണിച്ചു. രവീന്ദ്രൻ ഈ ജ്യേഷ്ഠനെ അനുകരിച്ച് ആദ്യമാദ്യം വീട്ടിനകത്തെ കുളത്തിലും, പിന്നീട് ഗംഗയിലും നീന്തൽ പരിശീലിച്ചു. ക്രമേണ ഈ അഭ്യാസത്തിൽ വൈദഗ്ധ്യം സമ്പാദിക്കയും ചെയ്തു.

ജ്യോതീന്ദ്രനാഥൻ എന്ന മറ്റൊരു ജ്യേഷ്ഠൻ രവിയുടെ സഹചാരി ആയിരുന്നു. അദ്ദേഹത്തിനു രവിയെക്കാറം പന്ത്രണ്ടു വയസ്സു മൂപ്പുണ്ടായിരുന്നെങ്കിലും അവർ സമപ്രായക്കാരായ സ്നേഹിതന്മാരെപ്പോലെ പെരുമാറി. ഈ ജ്യേഷ്ഠന്റെ ഭാര്യയായിരുന്നു രവീന്ദ്രന്റെ ബാല്യ

ത്തിൽ അയാളോടൊന്നിച്ചു കളിച്ചതും, വ്രജേശ്വരനെക്കൊണ്ടു നല്ല മധുര പലഹാരങ്ങളുണ്ടാക്കിക്കൊടുത്തതും. ജ്യോതി ഒരു നല്ല ഗായകനായിരുന്നു. അദ്ദേഹം പാടിക്കേൾപ്പിച്ച രാഗങ്ങൾക്കു ചേരുന്ന പല കവിതകളും രവീന്ദ്രൻ നിർമ്മിച്ചു. സംഗീതത്തിൽ വാസനയുള്ളവരായിരുന്നു ജ്യോതിയെ അന്വേഷിച്ചുവന്ന കൂട്ടുകാർ.

ഇവരിൽ ഒരാൾ ശ്രീകണ്ഠബാബു ആയിരുന്നു. രവീന്ദ്രനു ശ്രീകണ്ഠബാബുവിനെ കുട്ടിക്കാലം മുതല്ക്കു തന്നെ അറിയാം. എപ്പോഴും പുഞ്ചിരിയോടുകൂടിയ അദ്ദേഹത്തിൽ സംഗീതവും അലിവും തുളുമ്പിനിന്നു. ഉപദ്രവമേററാൽപോലും, ഒരു കടുത്ത വാക്കു പറയാത്ത പ്രകൃതമായിരുന്നു ശ്രീകണ്ഠന്റേതു്. ഒരിക്കൽ പാട്ടുപാടാൻ വിരുതുള്ള വേറൊരു കൂട്ടുകാരനു് ശ്രീകണ്ഠബാബുവിനോടസൂയ തോന്നി. അയാൾ അല്പം മദ്യവും കഴിച്ചുകൊണ്ടു് ശ്രീകണ്ഠനെ വളരെ ചീത്ത പറഞ്ഞു. ഗൃഹത്തിനുള്ളിൽ നടന്ന ഈ സംഭവം ദേവേന്ദ്രനാഥൻ അറിഞ്ഞപ്പോൾ കുററവാളിയെ ഉടൻ വീട്ടിൽ നിന്നു പുറത്താക്കണമെന്നായി. എന്നാൽ ശ്രീകണ്ഠൻ അദ്ദേഹത്തോടു് അങ്ങനെ ചെയ്യാതിരിക്കാൻ കിഴിഞ്ഞപേക്ഷിച്ചു. "അതയാളുടെ കുററമല്ല — മദ്യത്തിന്റേതാണു്" എന്നു ശ്രീകണ്ഠൻ പറഞ്ഞു.

സംഗീതപ്രിയനായ മറെറാരു സ്നേഹിതൻ അക്ഷയ ചൗധുരിയായിരുന്നു. രവീന്ദ്രനു പതിനാറു വയസ്സുള്ളപ്പോൾ അക്ഷയചൗധുരി ഇംഗ്ലീഷ് കവി ചാററർട്ടനെക്കുറിച്ചു് അയാളെപ്പറഞ്ഞുകേൾപ്പിച്ചു; ചാററർട്ടൺ

പഴയ ഇംഗ്ലീഷുകൃതികളുടെ മട്ടിൽ സ്വന്തമായി കവിതയെഴുതി അങ്ങനെ വിദഗ്ധന്മാരേപ്പോലും പററിച്ചു എന്നും മാറും. ഇതു കേട്ടു് രവീന്ദ്രനു് ഒരാശയം തോന്നി; ബംഗാളിഭാഷയിൽ ഇപ്രകാരം ചെയ്യുന്നതു് ഒരു നേരമ്പോക്കായിരിക്കുമെന്നു്. മദ്ധ്യകാലങ്ങളിലെ മൈഥിലീ വൈഷ്ണവ കവികളുടെ ശൈലിയിൽ ചില കവിതകളുണ്ടാക്കി 'ഭാനുസിംഹൻ' എന്ന പേരിൽ പത്രങ്ങൾക്കയച്ചു. അവ അച്ചടിച്ചു വന്നപ്പോൾ പല ബംഗാളി പണ്ഡിതന്മാരും 'ഭാനുസിംഹൻ' ഒരു മൈഥിലീകവി എന്നുതന്നെ വിചാരിച്ചുപോയി. ഒരാൾ പി. എച്ച്. ഡി. ബിരുദത്തിനുവേണ്ടി തയ്യാറാക്കിയ തൻെറ പ്രബന്ധത്തിൽ, പുത്തനായി കണ്ടുകിട്ടിയ ഭാനുസിംഹൻെറ കവിതകളെപ്പററി നിരൂപണം നടത്തുകപോലും ചെയ്തു!

ഇതിനല്പം മുൻപാണു രവീന്ദ്രനു് ഒരു കഠിനദുഃഖം നേരിട്ടതു്. കുറച്ചുനാളായി കിടപ്പിലായിരുന്ന തൻെറ മാതാവു പെട്ടന്നുവേ മരിച്ചു. രവിക്കു് അപ്പോൾ പതിന്നാലുവയസ്സു പ്രായമായിരുന്നു. തൻെറ ജീവിതത്തിൽ ആദ്യമായിസംഭവിച്ച ഒരത്യാഹിതമായിരുന്നു അതു്. മൃതശരീരം ഗൃഹത്തിൻെറ വലിയ വാതിലിൽക്കൂടി പുറത്തേയ്ക്കു കൊണ്ടുപോയപ്പോൾ രവീന്ദ്രനു വലിയ പരിഭ്രമം തോന്നി. ഇനി ഒരിക്കലും മാതാവിനെ കാണാൻ സാധിക്കയില്ല എന്ന ഖേദം അയാളെ വ്യാകുലപ്പെടുത്തി.

IV

വിദേശയാത്ര—വിവാഹം

1878 സെപ്റ്ററംബർ മാസത്തിൽ സഹോദരൻ സത്യേന്ദ്രനാഥനുമൊന്നിച്ച് രവീന്ദ്രൻ ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി. സത്യേന്ദ്രൻ ഇൻഡ്യൻ സിവിൽ സർവീസിലെ ഒരുദ്യോഗസ്ഥനായിരുന്നു. അതുവരെ ബ്രിട്ടീഷുകാരെ മാത്രമേ ഈ സർവീസിൽ പ്രവേശിപ്പിച്ചിരുന്നുള്ളു. ഇന്ത്യാക്കാരെക്കൂടി അതിൽ ഉൾപ്പെടുത്തണമെന്ന് അധികാരികൾ നിശ്ചയിച്ച് ഒരു തിരഞ്ഞെടുപ്പു നടത്തി. ആ തിരഞ്ഞെടുപ്പിൻെറ ഫലമായി ഉദ്യോഗം കിട്ടിയ ഒന്നാമത്തെ ഇന്ത്യാക്കാരനാണു സത്യേന്ദ്രൻ. അദ്ദേഹത്തിന്റെ ജോലിസ്ഥലം അഹമ്മദാബാദായിരുന്നു. തൻെറ ഭാര്യയും സന്താനങ്ങളും ഇംഗ്ലണ്ടിൽ ആണു പാർത്തിരുന്നതു്. അവരെ കൂട്ടിക്കൊണ്ടു വരാനായി സത്യേന്ദ്രൻ അവധിയെടുത്തു പോകയായിരുന്നു. രവീന്ദ്രൻ വിദ്യാഭ്യാസം പൂർത്തിയാക്കാൻ വേണ്ടി ജ്യേഷ്ഠനെ അനുഗമിച്ചു.

ലണ്ടനിലെത്തി ജ്യേഷ്ഠഭാര്യയും കുട്ടികളുമൊന്നിച്ചു താമസിച്ചുകൊണ്ടു് രവീന്ദ്രൻ ഒരു സ്കൂളിൽ ചേർന്നു പഠിച്ചു. ആ സ്കൂളിലെ ഇംഗ്ലീഷുകാരായ വിദ്യാർത്ഥികൾ ഇന്ത്യാക്കാരനായ സഹപാഠിയോടു സന്മനസ്സു കാണിപ്പാൻ പല ശ്രമങ്ങളും നടത്തിപോൽ. അവരിൽ ചിലർ രവീന്ദ്രൻെറ സമീപത്തു പതുങ്ങിവന്നു് മധുരനാരങ്ങയോ, കേക്കഷണങ്ങളോ മെല്ലെ രവി

യുടെ കീശയിൽ ഇട്ടിട്ട മണ്ടിക്കളയുമായിരുന്നു. കുറേ കഴിഞ്ഞു് അയാൾ ലണ്ടൻ സർവ്വകലാശാലയിൽ ചേന്നു് ഇംഗ്ലീഷുസാഹിത്യം അഭ്യസിച്ചു. ഇതിനകം ജ്യേഷ്ഠൻെറ ഭാൎയ്യയും കുട്ടികളും ഇന്ത്യയിലേക്കു മടങ്ങിയതിനാൽ, രവീന്ദ്രൻ 'സ്കാട്ട്' എന്നു പേരായ ഒരു കുടുംബക്കാരോട്ടുകൂടി താമസമാക്കിയിരുന്നു. ഇങ്ങനെ സാഹിത്യം പഠിച്ചുകൊണ്ടും, ധാരാളം മററു പുസ്തകങ്ങൾ വായിച്ചുകൊണ്ടും, ഒന്നരക്കൊല്ലത്തോളം ഇംഗ്ലണ്ടിൽ കഴിച്ചു. എന്നാൽ ഏതെങ്കിലും നിശ്ചിതവിഷയങ്ങളിൽ പഠിത്തം പൂത്തിയാക്കുകയോ ഒരു ഡിഗ്രിയോ സർട്ടിഫിക്കററൊ നേടുകയോ ഉണ്ടായില്ല. അങ്ങനെ രവീന്ദ്രനാഥൻ ഇന്ത്യയിലേക്കു മടങ്ങി.

തിരിച്ചെത്തി ഒരു കൊല്ലം കഴിഞ്ഞപ്പോൾ, വീട്ടുകാർ രവീന്ദ്രനെ നിയമം പഠിപ്പിക്കുന്നതിനു വീണ്ടും ഇംഗ്ലണ്ടിലേയ്ക്കയയ്ക്കാൻ തീരുമാനിച്ചു. ബന്ധുവായ മറ്റൊരു യുവാവുമൊന്നിച്ച് അയാൾ കൽക്കത്തായിൽ നിന്നു കപ്പൽ കയറി. പക്ഷേ മദ്രാസിലെത്തിയപ്പോഴേക്കും കൂട്ടുകാരനു രോഗം പിടിപെട്ടു. അയാളോടൊന്നിച്ചു രവീന്ദ്രനും വീട്ടിലേക്കു മടങ്ങിപ്പോരേണ്ടതായി വന്നു. അതിനുശേഷം രവീന്ദ്രനെ നിയമജ്ഞനാക്കണമെന്നുള്ള ഉദ്ദേശം ഉപേക്ഷിക്കപ്പെട്ടു. അപ്പോൾ അയാൾക്കിരുപതു വയസ്സ് പ്രായമായിരുന്നു. കുടുംബം വകയായി കിഴക്കെ ബംഗാളിൽ കുറെ അധികം ഭൂമിയുണ്ടായിരുന്നു. അവിടെപ്പോയി അതിൻെറ ഭരണം കൈയേൽക്കുവാൻ പിതാവു രവീന്ദ്രനോടാവശ്യപ്പെട്ടു.

ഈ ചുമതല ഏറെറടുക്കുന്നതിനുമുമ്പായി ആ യുവാവു്, സാഹിത്യപരിശ്രമങ്ങളിൽ ഏർപ്പെട്ടു് കുറെ ദിവസം കൽക്കത്തായിൽത്തന്നെ കഴിച്ചുകൂട്ടി. ആ അവസരത്തിലാണു് രവീന്ദ്രൻ "വാല്മീകി പ്രതിഭ" എന്നൊരു സംഗീതനാടകം രചിച്ചതു്. ആ നാടകത്തിൽ ബംഗാളിമട്ടിലുള്ള പല നല്ല ഗാനങ്ങൾക്കു പുറമേ ഇംഗ്ലീഷു്, ഐറിഷു് രാഗങ്ങളെ അനുസരിച്ചുള്ള കുറേ പാട്ടുകളുമുണ്ടു്. ഇംഗ്ലണ്ടിൽ താമസിച്ചിരുന്നപ്പോൾ പരിചയിച്ചതാണു് ഈ രീതികൾ. ഇവ ബംഗാളിഭാഷയിൽ ഒരു പുതുമതന്നെ ആയിരുന്നു. കഥയിൽ പിടിച്ചുപറിക്കാരും, വനദേവതമാരും സരസ്വതീദേവിയും മററും പ്രത്യക്ഷമാകുന്ന രംഗങ്ങളും, ഇമ്പവും ഇണക്കവുമുള്ള ഗാനങ്ങളും, എല്ലാംകൂടി 'വാല്മീകി പ്രതിഭ'യെ ചൈതന്യമുള്ള ഒരു കൃതിതന്നെയാക്കി. പരീക്ഷണമെന്ന ഭാവത്തിൽ, അതിൽ ഉൾപ്പെടുത്തിയിരുന്ന പുതിയ മട്ടിലുള്ള പാട്ടുകൾ, പിന്നീടു്, ബംഗാളി സംഗീതത്തിനു് ഉണർവും ഊർജ്ജിതവും കൊടുക്കുവാൻ ഉപകരിക്കയും ചെയ്തു.

ആ കൊല്ലം ഒടുവിൽ രവീന്ദ്രനാഥൻ ഗംഗാനദീതീരത്തുള്ള ചന്ദ്രനഗരം എന്ന പട്ടണത്തിൽ പാർക്കാൻ പോയി. തൻെറ അഞ്ചാമത്തെ ജ്യേഷ്ഠനായ ജ്യോതീന്ദ്രനാഥനും ഭാര്യയും അവിടെ ആയിരുന്നു താമസിച്ചിരുന്നതു്. ചന്ദ്രനഗരം മനോഹരവും ശാന്തവുമായ ഒരു സ്ഥലമായിരുന്നു. ഗംഗാനദി ഒഴുകുന്നതും അതിലെ ജലത്തിൻെറ നിറം കൂടക്കൂടെ മാറുന്നതും നോക്കിക്കൊണ്ടു് നേരംകഴിക്കുന്നതു് രവീന്ദ്രനു് ഒരു വലിയ രസമായിരുന്നു

പ്രഭാതവും, പകലും, സൂര്യാസ്തമയവും, ചന്ദ്രികയുള്ള രാത്രിയും, എല്ലാം ഗംഗയിൽ വരുത്തുന്ന നിറവ്യത്യാസങ്ങൾ, അയാളുടെ കവിഹൃദയത്തെ ഓളം തുള്ളിച്ചു. ആഹ്ലാദകരമായ ഈ ചുററുപാടിൽ രവീന്ദ്രനാഥൻ പല കവിതകളും ഗാനങ്ങളും രചിച്ചു. അവയെ "സാന്ധ്യ ഗീതങ്ങൾ" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഈ കൃതി രവീന്ദ്രന് അന്നത്തെ ബംഗാളിസാഹിത്യകാരന്മാരുടെ ഇടയിൽ ഒരു നല്ല സ്ഥാനം നേടിക്കൊടുത്തു. അതിന്റെ പ്രസിദ്ധീകരണത്തോടടുത്ത് ഒരു ദിവസം സമീപത്തുള്ള ഒരു ഗൃഹത്തിൽ ഒരു വിവാഹം നടന്നു. അതിന് പ്രസിദ്ധ ആഖ്യായികാകാരനായ ബങ്കിംചന്ദ്രൻ ക്ഷണിക്കപ്പെട്ടിരുന്നു. അദ്ദേഹത്തെ ഗൃഹനാഥൻ ഒരു പൂമാല അർപ്പിച്ചു സ്വീകരിച്ചു. അതേ സമയത്താണ് മററൊരതിഥിയായ രവീന്ദ്രനും അവിടെ എത്തിയത്. ബങ്കിംചന്ദ്രൻ തന്റെ കഴുത്തിൽനിന്ന് മാലയെടുത്ത് രവീന്ദ്രനെ അണിയിച്ചുകൊണ്ട് "രമേശചന്ദ്രദത്താ, ഈ യുവാവാണ് ഈ മാലയ്ക്കവകാശി. നിങ്ങൾ അദ്ദേഹത്തിന്റെ 'സാന്ധ്യഗീതങ്ങൾ' വായിച്ചില്ലേ?" എന്നു ചോദിച്ചു.

അടുത്ത കൊല്ലം ജ്യേഷ്ഠൻ സത്യേന്ദ്രനാഥനുമൊന്നിച്ചു താമസിക്കാനായി രവീന്ദ്രൻ കാർവാറിലേയ്ക്കു പോയി. അറബിക്കടലിന്റെ തീരത്തുള്ള ഒരു പട്ടണമാണ് കാർവാർ. അവിടത്തെ ഭൂപ്രകൃതിയും വളരെ മനോഹരമായിരുന്നു. ദിവസങ്ങൾ ഉല്ലാസ യാത്രകൾ കൊണ്ടും കായികവിനോദങ്ങൾകൊണ്ടും മററും ഉത്സാഹമായി കഴിച്ചു. എങ്കിലും അതിനിടയ്ക്കും സാഹിത്യ

പരിശ്രമം തുടരുന്നതിന്ന സൗകര്യമുണ്ടായി. കാർവാറിൽ വച്ചാണു് 'സന്യാസി' എന്ന പുതിയ നാടകം എഴുതിത്തീൎത്തതു്. ഒരു പാഠശം ഉൾക്കൊണ്ട കൃതിയായിരുന്നു ഇതു്. പ്രകൃതിയുടെ സൗന്ദൎയ്യമോ, ഇഷ്ടജനങ്ങൾ തമ്മിലുള്ള സ്നേഹമോ, മനുഷ്യനു് സത്യം കണ്ടുപിടിക്കാൻ തടസ്സമായിത്തീരുകയില്ല-നേരെ മറിച്ചു്, സ്നേഹവും സൗന്ദൎയ്യവും സത്യത്തിൻെറ സാമാന്യഭാഷകളാണു്. അതിനെ കണ്ടെത്തുവാൻ ലോകം വിടണമെന്നുമില്ല— ഇതാണു് ആ കൃതിയിൽ അടങ്ങിയിരുന്ന ഉപദേശം.

1883-ാം കൊല്ലത്തിന്റെ അവസാനത്തിൽ രവീന്ദ്രനാഥൻ വിവാഹിതനായി. മൃണാളിനീദേവി എന്നായിരുന്നു വധുവിന്റെ പേർ. വിവാഹത്തിന്നുശേഷം ഏതാനും മാസങ്ങൾക്കുള്ളിൽ രവീന്ദ്രനെ വളരെദുഃഖിപ്പിച്ച ഒരനിഷ്ടസംഭവം ഉണ്ടായി. അതു് തനിക്കേററവും പ്രിയമുള്ളവളായ ജ്യോതീന്ദ്രനാഥൻെറ പത്നിയുടെ അകാലചരമമായിരുന്നു. രവീന്ദ്രനെ ബാല്യം മുതല്ക്കു് സ്നേഹിക്കുകയും ലാളിക്കുകയും, നല്ല വഴികളിൽപ്രേരിപ്പിക്കുകയും ചെയ്തിരുന്ന ഗുണവതിയായ ഒരു സ്ത്രീയായിരുന്നു അവർ. അവരുടെ സാന്നിദ്ധ്യം വീട്ടിൽ ഒരുനിറവും തൃപ്തിയും വരുത്തിയിരുന്നു. അതവസാനിച്ചു.വിവാഹവും ഈ വേർപാടും രണ്ടും ഒന്നിച്ചു്, രവീന്ദ്രനെ ജീവിതത്തിലെ ഒരു പുതിയ ഘട്ടത്തിലേക്കു നയിച്ചു.

V

ഗ്രാമീണരുടെ കൂടെ

വിവാഹശേഷം പതിനഞ്ചുകൊല്ലത്തോളം രവീന്ദ്രൻ ബംഗാളിൽത്തന്നെ താമസിച്ചു. അദ്ദേഹത്തിൻെറ കുടുംബജീവിതം സന്തോഷകരമായിരുന്നു. രണ്ടു പുത്രന്മാരും ഒരു പുത്രിയും അദ്ദേഹത്തിനുണ്ടാകയും ചെയ്തു. ഗ്രാമങ്ങളിൽ സഞ്ചരിച്ചു് സാമാന്യജനങ്ങളുടെ നിത്യജീവിതം കണ്ടുപഠിക്കയും, കവിതകളും ലേഖനങ്ങളുമെഴുതുകയുമായിരുന്നു അദ്ദേഹത്തിൻെറ മുഖ്യ ജോലികൾ. 'ഭാരതി'യിലും, സത്യേന്ദ്രനാഥൻെറ പതിപുത്തായിത്തുടങ്ങിയ 'ബാലക്' എന്ന മാസികയിലുമാണു്, അദ്ദേഹം പ്രധാനമായി ലേഖനങ്ങൾ എഴുതിയതു്.

ബംഗാളത്തിലെ ഭൂപ്രദേശങ്ങളുടെ അഴകും ആഹ്ലാദവും രവീന്ദ്രന തൻെറ കൃതികളിൽ പകത്തുവാൻ സാധിച്ചു. അദ്ദേഹത്തിൻെറ ഇക്കാലത്തെ ഒരു പ്രസിദ്ധ ഗീതമാണു് 'സുവർണ്ണ ബംഗാളം.' ലേഖനങ്ങളും കവിതകളും എഴുതി മാത്രമല്ല, അന്നത്തെ വിദ്യാസമ്പന്നരുടെ ഇടയിൽ സ്വന്തഭാഷയിൽ അഭിരുചി ഉണ്ടാക്കാൻ പ്രചാരവേല നടത്തിയും, അദ്ദേഹം 'ബംഗാളി'നെ സേവിച്ചു. സ്കൂളുകളിലും കോളേജുകളിലും ഇംഗ്ലീഷുഭാഷയിലാണു് അന്നു് അദ്ധ്യാപനം നടത്തിവന്നതു്. ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ചപലരും മാതൃഭാഷയിൽ സംസാരിക്കുന്നതു് അവസ്ഥക്കുറവാണെന്നു കരുതിയിരുന്നു. ഈ മനോഭാവം

മാററാനായിരുന്നു രവീന്ദ്രൻെറ പരിശ്രമം മുഴുവനും. ബംഗാളിൽ പല രാഷ്ട്രീയ സംഘങ്ങളും ഉണ്ടായിവന്ന സമയമായിരുന്നു അത്. അവർ നാടാകെ പല സമ്മേളനങ്ങളും യോഗങ്ങളും നടത്തി. ഇവയിൽ ഉപയോഗിച്ചിരുന്ന ഭാഷ ഇംഗ്ലീഷായിരുന്നു. രവീന്ദ്രൻെറ സ്ഥിരോത്സാഹം ഈരീതിക്ക് അറുതി വരുത്തി. അദ്ദേഹത്തിൻെറ ശ്രമഫലമായി രാഷ്ട്രീയ പ്രസംഗക്കാർ സദസ്സുകളിൽ ബംഗാളി ഭാഷ ഉപയോഗിപ്പാൻ തുടങ്ങി.

രവീന്ദ്രനാഥൻെറ മറെറാരു പരിശ്രമം മാതൃഭാഷയെ പുതിയ ആവശ്യങ്ങൾക്കും ആശയഗതികൾക്കും ഇണങ്ങത്തക്കവിധം പരിഷ്കരിക്കുവാനായിരുന്നു. ബംഗാളിയിൽ എഴുത്തുഭാഷയും സംസാരഭാഷയും രണ്ടും പ്രത്യേകമായിരുന്നു. അവയെ ഒന്നാക്കുവാനായിരുന്നു രവീന്ദ്രൻെറ യത്നം. അദ്ദേഹം കൂടുതൽ കൂടുതലായി സംസാരഭാഷയിലെ പദങ്ങളും ശൈലികളും തൻെറ കൃതികളിൽ പ്രയോഗിക്കുവാൻ തുടങ്ങി. ഇതു് ഭാഷാപണ്ഡിതന്മാൎക്കു് തീരെ രുചിച്ചില്ല. സാമാന്യജനങ്ങൾക്കു മനസ്സിലാക്കാവുന്ന വിധത്തിൽ സാഹിത്യം സൃഷ്ടിച്ചാൽ, തങ്ങളെക്കൊണ്ടു പിന്നെന്താണു പ്രയോജനം എന്നവർ ചോദിച്ചു. രവീന്ദ്രൻെറ ഈ വഴിക്കുള്ള പ്രയത്നങ്ങളെ അവർ കഠിനമായി എതിൎത്തു. എന്നാൽ കാലക്രമത്തിൽ അദ്ദേഹത്തിൻെറ പരിശ്രമങ്ങൾക്കു വിജയം സിദ്ധിക്കയും, അങ്ങനെ ബംഗാളിസാഹിത്യത്തിൽ ഒരു പരിവൎത്തനം സംഭവിക്കയും ചെയ്തു.

1890-ൽ കുടുംബംവക വസ്തുക്കൾ ഏറെറടുത്തു ഭരണം തുടങ്ങിയതു മുതല്ക്കാണു് രവീന്ദ്രന് ഗ്രാമീണരുടെ ജീവിതവുമായി നേരിട്ടു പരിചയിക്കാൻ സാധിച്ചതു്. ഗ്രാമങ്ങൾ നശിക്കുന്നതു് അവയുടെ ഉടമസ്ഥന്മാർ മറു നാട്ടുകളിൽ വാസം ഉറപ്പിക്കുന്നതു നിമിത്തമാണെന്നു് അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞു. ഗ്രാമത്തിൽപാക്കുന്നവൎക്കു് തങ്ങൾ നിസ്സഹായരാണെന്നുള്ള ഒരു വിചാരമാണു് മുമ്പിട്ടുനിന്നതു്. ഓരോന്നു സ്വയംപ്രവൎത്തിക്കാനുള്ള തൻേറടം തീരെ അസ്തമിച്ചിരുന്നു. എല്ലാ സംഗതികളിലും അവർ ഗവൎമ്മെൻറിൻെറ സഹായം അൎത്ഥിച്ചും പ്രതീക്ഷിച്ചും കഴിഞ്ഞു. വേണ്ട സഹായങ്ങൾ സമയത്തുണ്ടാകാതെ കൃഷിപ്പിഴ വരുന്നതും ദാരിദ്ര്യം അനുഭവിക്കുന്നതുമൊക്കെ തങ്ങളുടെ 'വിധി'യാണെന്നുമവർ സമാധാനിച്ചു. അവരെ സ്വയം സഹായിക്കാൻ പഠിപ്പിക്കേണ്ടതു് വളരെ അത്യാവശ്യമെന്നു രവീന്ദ്രനാഥനു ബോദ്ധ്യപ്പെട്ടു. ഗ്രാമീണരുടെ ഉന്നമനത്തിനും പരിശീലനത്തിനുമായി ഒരു തൃപ്തികരമായ പദ്ധതി സൃഷ്ടിച്ചു് അതിനെ പ്രയോഗത്തിൽ കൊണ്ടുവരാൻ പിന്നീടു് പല കൊല്ലങ്ങൾ വേണ്ടിവന്നു. എങ്കിലും, അത്തരത്തിലൊരു മാതൃക ഉണ്ടാക്കി കാട്ടിക്കൊടുക്കണമെന്ന ആശയം, ഈ കാലഘട്ടത്തിലാണു് അദ്ദേഹത്തിൻെറ മനസ്സിൽ ഉദിച്ചതു്. പിൽക്കാലത്തു് 'ശ്രീനികേതന'മെന്ന പേരിൽ ഉടലെടുത്ത സ്ഥാപനമായിരുന്നു ഈ ആശയത്തിൻെറ ഫലം.

ഗ്രാമങ്ങളിൽ നടത്തിയ സഞ്ചാരങ്ങൾക്കും അന്വേഷണങ്ങൾക്കും പെട്ടെന്നു വേറൊരു ഫലവുമുണ്ടായി.

അക്കാലത്തു രവീന്ദ്രനാഥൻ എഴുതിയ കഥകളിലും, ഉപന്യാസങ്ങളിലുമെല്ലാം, ഗ്രാമീണരുടെ സ്വഭാവത്തിന്റെ പ്രത്യേകതകളും, ജീവിതസമ്പ്രദായങ്ങളും വ്യക്തമായി വിവരിക്കപ്പെട്ടു ; താൻ ആസ്ഥാനമാക്കിയിരുന്ന 'ശിലിഡാ' ഗ്രാമവും പരിസരങ്ങളും ലേഖനങ്ങൾവഴി ബംഗാളിലെങ്ങും അറിയപ്പെട്ടു. അത്തരത്തിലുള്ള കുറെ ലേഖനങ്ങൾ ശേഖരിച്ച് അദ്ദേഹം 'ബംഗാൾക്കാഴ്ചകൾ' എന്ന പേരിൽ ഒരു പുസ്തകമാക്കി. പിന്നത്തെ ചില പ്രസിദ്ധപ്പെട്ട കഥകളുടെ ആരംഭം അതിൽ കാണാൻ കഴിയും. ടൌണിൽ സ്ഥലംമാററം കിട്ടാൻ കൊതിക്കുന്ന ഗ്രാമത്തിലെ തപാൽമാസ്റ്റർ, വിശ്രമസമയങ്ങളിൽ തന്റെ പരിചാരികയെ വായനപഠിപ്പിക്കുന്ന സംഭവം ഇതിനൊരുദാഹരണമാണ്. രവീന്ദ്രന്റെ മിക്ക കഥകളും ഇംഗ്ലീഷിലേക്കു തർജ്ജിമ ചെയ്യപ്പെട്ടിട്ടുണ്ട്. അവ അദ്ദേഹത്തിന്റെ പ്രധാനകൃതികളുടെ കൂട്ടത്തിൽ പെടുകയും ചെയ്യുന്നു. ബംഗാളിലെ എന്നുതന്നെയല്ല ഇന്ത്യയുടെ മററു ഭാഗങ്ങളിലേയും പട്ടണവാസികൾക്ക് അവരുടെ സ്വന്തം നാട്ടിലെ ഗ്രാമീണജനങ്ങളുടെ ജീവിതചരിത്രങ്ങളിൽ താത്പര്യവും കൗതുകവും ജനിപ്പിച്ചതു് ഈ കഥകളായിരുന്നു എന്നു സംശയംകൂടാതെ പറയാം.

CHANGANACHERRY. ...HANAM LIBRARY & ARTS CLUB Reg. No. ... P.O.

VI
ശാന്തിനികേതനം

രവീന്ദ്രനാഥന്നു നാല്പതു വയസ്സായപ്പോഴാണു അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു പുതിയ ദശ ആരംഭിച്ചതു്. ഇതു് 1901-ൽ ആയിരുന്നു. തന്റെ ഉറച്ച ഈശ്വരവിശ്വാസത്തെ വെളിപ്പെടുത്തുന്ന ചില കീർത്തനങ്ങൾ അദ്ദേഹം രചിച്ചതും ഈ ഘട്ടത്തിലത്രെ. മഹർഷി ദേവേന്ദ്രനാഥൻ ഒരു പടുവൃദ്ധനായിത്തീർന്നിരുന്നു. അദ്ദേഹം സ്വന്തം അഭിപ്രായങ്ങളെ മാനിക്കുന്ന ചില കൂട്ടുകാരുമൊന്നിച്ചു് ശാന്തിനികേതനത്തിൽ പാർത്തുകൊണ്ടു ദിവസങ്ങൾ ധ്യാനത്തിലും പ്രാർത്ഥനയിലും കഴിച്ചു. രവീന്ദ്രൻ അവിടെയെത്തി 'നൈവേദ്യം' എന്നു പേർ കൊടുത്തിരുന്ന തന്റെ പുതിയ കീർത്തനഗാനങ്ങൾ അച്ഛനെ ചൊല്ലികേൾപ്പിച്ചു. മഹർഷിക്കു പുത്രന്റെ ഈ പുതിയ സാഹിത്യപരിശ്രമം വളരെ ആനന്ദം നല്കി. രവീന്ദ്രൻ കുടുംബസഹിതം തന്നോടൊന്നിച്ചു ശാന്തിനികേതനത്തിൽ വന്നു പാർക്കണമെന്നദ്ദേഹം താത്പര്യപ്പെട്ടു. അങ്ങനെ 1901-ൽ രവീന്ദ്രനാഥൻ ശാന്തിനികേതനത്തിൽ സ്ഥിരതാമസമാക്കി.

വിദ്യാഭ്യാസരീതിയിൽ ഒരു പരിവർത്തനം വരുത്തണമെന്ന മോഹം വിദ്യാർത്ഥി ആയിരുന്ന കാലം മുതൽക്കേ രവീന്ദ്രനുണ്ടായിരുന്നതാണു്. അദ്ദേഹം മഹർഷിയോടാലോചിച്ചുകൊണ്ടു് ശാന്തിനികേതനത്തിൽ, തന്റെ ഉദ്ദേശമനുസരിച്ചു് ഒരു സ്കൂൾ തുടങ്ങി. അതൊരു പുതിയ പരീ

ക്ഷണമായിരുന്നു. സ്കൂൾ തുടങ്ങിയ ആദ്യവർഷം, സ്വന്തം ഒരു പുത്രനുൾപ്പെടെ രവീന്ദ്രനാഥന് അഞ്ച് അദ്ധ്യേതാക്കളെയാണ് പഠിപ്പിക്കാനായി കിട്ടിയതു്. കുട്ടികളോടു അതിവാത്സല്യമുണ്ടായിരുന്ന അദ്ദേഹം അവർ സന്തുഷ്ടിയിലും പ്രകൃതിയുമായി കൂടുതൽ പൊരുത്തപ്പെട്ടും വളൎന്നുവരുവാൻ ആഗ്രഹിച്ചു. ശാന്തിനികേതനം, തിരഞ്ഞെടുക്കുവാനുള്ള ഹേതു ഇതിൽ രണ്ടാമത്തേതായിരുന്നു. തടങ്കലിൽ വയ്ക്കുന്നതുപോലെ വിദ്യാൎത്ഥികളെ സ്കൂൾമുറികളിൽ അടച്ചിരുത്തി വിജ്ഞാനം അടിച്ചേല്പിക്കുന്ന സമ്പ്രദായത്തിനുപകരം ശാന്തിനികേതനത്തിലെ ഓരോ അദ്ധ്യേതാവിനും, തന്റെ ഇഷ്ടംപോലെ ബുദ്ധിവികസിപ്പിക്കുന്നതിനും, അഭിരുചി വളർത്തുന്നതിനുമുള്ള അവസരങ്ങളാണുണ്ടായിരുന്നതു്. ഈ പദ്ധതി അവരെ സന്തുഷ്ടിയുള്ളവരുമാക്കി അന്വേഷണം, പരിശോധന, സ്വന്തമായ പ്രവൎത്തനം എന്നിവയ്ക്കാണ് ഈ സ്ഥാപനത്തിൽ സർവപ്രാധാന്യം കല്പിച്ചിരുന്നതു്. കുട്ടികൾ ഒച്ചവെയ്ക്കുന്നതും ബഹളം കൂട്ടുന്നതും കളികളിൽ ഏൎപ്പെടുന്നതുമൊന്നും ഈ സ്കൂളിൽ വിലക്കപ്പെട്ടിരുന്നില്ല. ചിത്രങ്ങൾ. സംഗീതം, നൃത്യം, നാട്യം എന്നിവ മുഖേന, വിദ്യാൎത്ഥികളുടെ ശ്രദ്ധയെ ആകർഷിച്ച് അവരുടെ അറിവു വർദ്ധിപ്പിക്കാനുള്ള പരിശ്രമവും ആദ്യമായി ആരംഭിച്ചതു്, ശാന്തിനികേതനത്തിലാണു്.

പഴയ ഗുരുകുലസമ്പ്രദായം, അതായതു് പുരാണകാലത്തെ തപോവനങ്ങളിൽ മുനിമാർ ശിഷ്യരെ വിദ്യ അഭ്യസിപ്പിക്കാറുണ്ടായിരുന്ന രീതി, ഇന്നത്തെ ആവശ്യ

ങ്ങൾകൂടി ഉൾക്കൊള്ളിച്ച് ഉദ്ധരിക്ക എന്നതായിരുന്നു, ഈ സ്ഥാപനംകൊണ്ടു രവീന്ദ്രനാഥൻ ഉദ്ദേശിച്ചതു്. മുൻകാലങ്ങളിൽ ശിഷ്യന്മാർ, അദ്ധ്യാപകരോടൊരുമിച്ച് ലളിതമായി ജീവിച്ചു. അവർ സത്യത്തെ ധനത്തെക്കാളും പ്രധാനമായിക്കരുതുകയും, പ്രകൃതിയെ സ്നേഹിക്കയും, എല്ലാ ജീവജാലങ്ങളേയും ഒന്നുപോലെ ആദരിക്കയും ചെയ്തിരുന്നു. ഉള്ളിൽ സത്യത്തേയും പുറമേ ലളിതരീതികളേയും ഇഷ്ടപ്പെടുന്ന ഒരു ജീവിതമാർഗ്ഗത്തെ ലോകത്തിനു കാട്ടിക്കൊടുക്കുക എന്നതു് ഇൻഡ്യയുടെ കൃത്യമാണു്. നഗരങ്ങളിലും പട്ടണങ്ങളിലും പാർക്കുന്ന ഇൻഡ്യാക്കാർതന്നെ ഈ വസ്തുത മറന്നിരിക്കുന്നു. ശരിയായ സൗഖ്യത്തിന്റെ രഹസ്യം ഇന്ത്യ വീണ്ടും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് പട്ടണങ്ങളിലെ ബഹളവും, ശബ്ദകോലാഹലങ്ങളും ഉപേക്ഷിച്ച് അവർ തപോവന വിദ്യാലയങ്ങളിലേയ്ക്കു മടങ്ങിപ്പോകണം: എന്നിങ്ങനെ ആയിരുന്നു രവീന്ദ്രനാഥന്റെ വിശ്വാസം. ഈ ആദർശങ്ങളെ മുൻനിർത്തിക്കൊണ്ടാണ് അദ്ദേഹം ശാന്തിനികേതനത്തിലെ വിദ്യാഭ്യാസപ്രവൎത്തനങ്ങൾ ആരംഭിച്ചതു്.

സ്കൂളിലെ അന്തരീക്ഷം സ്വതന്ത്രവും, സൗമ്യവും ആയിരുന്നു. ദിവസേന പാഠങ്ങൾ തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും സംഗീതത്തോടുകൂടി ആണു്. ക്ലാസ്സുകൾ ചെറുതായിരുന്നതുകൊണ്ടു് ഓരോ വിദ്യാൎത്ഥിയിലും അദ്ധ്യാപകന്റെ പ്രത്യേകശ്രദ്ധ പതിഞ്ഞിരുന്നു. പാഠം ഏററവും കൗതുകകരമാക്കാൻ ഓരോ അദ്ധ്യാപ

കന്നം സവിശേഷം ശ്രമിച്ചു. അച്ചടക്കം പാലിച്ചത് വിദ്യാൎത്ഥികളുടെ കൂട്ടജീവിതത്തിൽ സ്വയംഭരണം നടപ്പിൽവരുത്തിയായിരുന്നു. കുട്ടികൾ അവരവരുടെ നേതാക്കന്മാരെ നിയമിക്കയും, നിയമങ്ങൾ ഉണ്ടാക്കയും, കോടതികൾ ഏൎപ്പെടുത്തുകയുംചെയ്തു. ഈ പരിശീലനം തീരെ അനുസരണമില്ലാത്ത വിദ്യാർത്ഥിയിലും, ഒരഭിമാനബോധം ജനിപ്പിക്കത്തക്കതായിരുന്നു. അതിൻെറ ഫലമായി സ്കൂളിലാകട്ടെ പുറത്താകട്ടെ ആൎ അച്ചടക്കം ലംഘിക്ക സാധാരണമല്ലാതേയും ആയിത്തീൎന്നു.

ശാന്തിനികേതനത്തിൽ മതപാഠങ്ങൾ നടത്തിയിരുന്നില്ല. എന്നാൽ കാലത്തും വൈകുന്നേരവും ഓരോ പ്രാപശ്യംവീതം വിദ്യാൎത്ഥികൾ എന്നും പതിനഞ്ചു മിനിട്ടു നേരത്തേയ്ക്കു ധ്യാനം ശീലിക്കണമെന്നു നിശ്ചയിച്ചിരുന്നു. ഇതു് ഒരാത്മപരിശോധനയ്ക്കു വഴി തെളിക്കുമെന്നും, കാലക്രമത്തിൽ അതു മതബോധമായി വികസിച്ചുകൊള്ളുമെന്നുമായിരുന്നു രവീന്ദ്രനാഥൻെറ ആശയം. ധ്യാനത്തിനുശേഷം വിദ്യാൎത്ഥികൾ ഒന്നിച്ചുകൂടി ഒരു കീൎത്തനം പാടണം. ഏതു മതത്തിൽപ്പെട്ടവൎക്കും ചൊല്ലാവുന്ന ഒരു കീൎത്തനം.

സ്കൂളിലെ ജോലികൾ രവീന്ദ്രനാഥന് അതിയായ തൃപ്തിയും സന്തോഷവും നല്കി. എന്നാൽ ആ സ്ഥാപനത്തിൻെറ ബാല്യദശയിൽ അദ്ദേഹത്തിനു മററു വിധത്തിൽ പല മനോവ്യഥകൾ അനുഭവിക്കേണ്ടതായി വന്നു. ധനസംബന്ധമായും പലക്ലേശങ്ങൾ നേരിട്ടിരുന്നു. ആശ്രമത്തിൽ പാഠശാല തുടങ്ങിയ ആദ്യത്തെകൊല്ലം,

അദ്ധ്യേതാക്കളിൽനിന്നു് ഫീസ് ഒന്നും ഈടാക്കിയിരുന്നില്ല. സ്കൂളിലെ ചെലവുകൾക്കുവേണ്ടി അദ്ദേഹത്തിന്റെ പ്രിയപത്നി സ്വന്തം ആഭരണങ്ങൾ പോലും വിററു. പക്ഷേ, പണമില്ലായ്മ ഒരു ചെറിയ സംഗതി ആയിരുന്നു. അതിലും ഏറെ മൂച്ചയേറിയ സങ്കടങ്ങളാണ് ഒന്നിനു പിറകിൽ വേറൊന്നു് എന്ന കണക്കിൽ രവീന്ദ്രനാഥനെ വലയം ചെയ്തതു്. 1902 നവംബറിൽ അദ്ദേഹത്തിന്റെ പത്നിയ്ക്കു രോഗം ബാധിക്കുകയും അവർ മരിക്കുകയും ചെയ്തു. അതിനെത്തുടർന്നു പുത്രി രേണുകയ്ക്കു സുഖക്കേടായി. അവളുടെ ജീവൻ രക്ഷിക്കാൻ അദ്ദേഹം കുമാരിയേയും കൊണ്ടു് അൽമോറായിൽ ചെന്നു താമസിച്ചു. അവിടെവച്ചാണ് 'ചന്ദ്രക്കല' എന്ന കൃതി നിർമ്മിച്ചതു്. മാതാവിൻെറ വേർപാടു നിമിത്തം വ്യസനിക്കുന്ന സ്വസന്താനങ്ങളെ സമാധാനപ്പെടുത്താനും രസിപ്പിക്കാനും വേണ്ടിയായിരുന്നു അതുണ്ടാക്കിയതു്.

പിതാവിൻെറ സ്നേഹപൂർവ്വമായ പരിചര്യകളൊന്നും തന്നെ രേണുകയുടെ ആരോഗ്യം വീണ്ടെടുക്കുന്ന കാര്യത്തിൽ ഫലിച്ചില്ല. അമ്മ മരിച്ചു് ആറുമാസം തികഞ്ഞ 1903 മേയ്മാസത്തിൽ ആ കുമാരിയും അന്തരിച്ചു. അടുത്തകൊല്ലം രവീന്ദ്രനാഥൻെറ വലിയൊരു സ്നേഹിതനും, ശാന്തിനികേതനം സ്കൂളിൽ തന്റെ വലം കൈയായി പ്രവർത്തിച്ചിരുന്ന ആളുമായ സതീശചന്ദ്രറോയി വസൂരി പിടിപെട്ടു മരിച്ചു. 1905-ൽ തന്റെ എൺപത്തിയെട്ടാമത്തെ വയസ്സിൽ മഹർഷി ദേവേന്ദ്രനാഥനും ഇഹലോകവാസം വെടിഞ്ഞു. രണ്ടു കൊല്ലത്തിനുശേഷം, 1907-ൽ

രവീന്ദ്രനാഥന്റെ പ്രത്യേക വാത്സല്യത്തിനു പാത്രമായിരുന്ന ഇളയപുത്രൻ ശമീന്ദ്രനാഥൻ തന്റെ പതിമൂന്നാമത്തെ വയസ്സിൽ കോളറാപിടിപെട്ടു മൃതനായി. ഈ ദുഃഖങ്ങൾ മഹാകവിയുടെ സ്നേഹം നിറഞ്ഞ ഹൃദയത്തെ വല്ലാതെ ഉലച്ചു. സൈ്വരജീവിതത്തെ വ്യാകുലമാക്കി. എങ്കിലും ഒരിക്കൽപോലും സ്വകാര്യക്ലേശങ്ങൾ, പൊതുഗുണത്തെ ലക്ഷ്യമാക്കിയുള്ള തന്റെ പ്രയത്നങ്ങൾക്കു വിലങ്ങായി നില്ക്കുവാൻ അദ്ദേഹം സമ്മതിച്ചില്ല. അദ്ദേഹത്തിനു ലോകത്തിന്റെ നന്മയിലുള്ള വിശ്വാസം തെല്ലും നശിച്ചതുമില്ല.

VII

പൊതുകാര്യങ്ങൾ — ലോകപ്രസിദ്ധി

മഹാകവിയുടെ രാഷ്ട്രീയാദർശങ്ങളും ലക്ഷ്യങ്ങളും പല തെററിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും കാരണമായിട്ടുണ്ടു്. സ്വന്തം ജന്മഭൂമിയുടെ ഉത്തമതാത്പര്യങ്ങളെ എപ്പോഴും മുന്നിൽ കണ്ടുകൊണ്ടു പ്രവർത്തിച്ചിരുന്ന ഒരു തനി ദേശഭക്തനായിരുന്നു അദ്ദേഹം. പക്ഷേ, സാമാന്യജനങ്ങളുടെ ആവേശങ്ങളിലും വെറുപ്പുകളിലും, പങ്കുകൊള്ളുവാൻ അദ്ദേഹം എപ്പോഴും വിസമ്മതിച്ചു; സ്വന്തം അഭിപ്രായങ്ങളെ അവരുടെ പ്രതീക്ഷ

കൾക്കു വിരുദ്ധമായിരുന്നാലും പ്രകടിപ്പിക്കാൻ മടിച്ചു മില്ല. 'സ്വദേശി' സാമാനങ്ങളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചുവന്നവരിൽ ഒന്നാമൻ അദ്ദേഹമായിരുന്നു. ഇന്ത്യാക്കാർ വ്യവസായങ്ങളും കൈത്തൊഴിലുകളും സ്വന്തമായിത്തുടങ്ങി പൊതുമുതൽ വർദ്ധിപ്പിക്കാൻ പരിശ്രമിക്കേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. തൻെറ ചില സ്നേഹിതന്മാരേയും ബന്ധുക്കളേയും വ്യവസായങ്ങളിൽ പ്രവർത്തിപ്പിക്കയും, അവക്കു ധനസഹായം ചെയ്കയും ചെയ്തു.

രാഷ്ട്രീയകാര്യത്തിലെന്നപോലെ സമുദായ സേവനത്തിലും രവീന്ദ്രനാഥൻ മുന്നിട്ടുനിന്നു പ്രവർത്തിച്ച സന്ദർഭങ്ങൾ നിരവധിയാണ്. സാധുക്കളേയും അവശത അനുഭവിക്കുന്നവരേയും സഹായിപ്പാനുള്ള അവസരങ്ങൾ ഒന്നും തന്നെ അദ്ദേഹം പാഴാക്കിയില്ല. 1899-ൽ കല്ക്കത്തായിൽ പ്ലേഗുബാധ ഉണ്ടായപ്പോൾ, ശുശ്രൂഷസ്സു സംഘങ്ങളെ സംഘടിപ്പിച്ചും, പണം പിരിച്ചും അദ്ദേഹം, കഷ്ടപ്പെടുന്നവരെ സഹായിച്ചു. ബംഗാളിൽ അപ്പപ്പോഴുണ്ടാകാറുള്ള വെള്ളപ്പൊക്കം, ക്ഷാമപീഡ, ഇവ നിമിത്തം വലയുന്ന ജനങ്ങൾക്ക് അത്യാവശ്യമായ സേവനങ്ങൾ ചെയ്വാനും രവീന്ദ്രനാഥൻ സദാ സന്നദ്ധനായിരുന്നു. കൊറായിലും ബീഹാറിലും ഭൂകമ്പങ്ങൾ ഉണ്ടായപ്പോൾ, വാർദ്ധക്യവും അനാരോഗ്യകരവും തീരെ വക വയ്ക്കാതെ അദ്ദേഹം, ദുരിതനിവാരണശ്രമങ്ങളിൽ മുൻകൈയെടുത്തു പ്രവർത്തിച്ചിരുന്നതും നമുക്കോർമ്മയുള്ള സംഗതിയാണ്.

1905-ൽ കർസൺപ്രഭുവിന്റെ ബംഗാൾവിഭജനം, ഇൻഡ്യയിൽ എങ്ങും ശക്തിയേറിയ പ്രതിഷേധത്തിനിടയാക്കി. രവീന്ദ്രനാഥൻ ഈ പ്രതിഷേധത്തിൽ ഹൃദയപൂർവ്വം പങ്കെടുക്കയും, വിഭജനത്തെ എതിർക്കാനുള്ള ശ്രമങ്ങൾക്കു നേതൃത്വം നല്കുകയും ചെയ്തു. എന്നാൽ, വേഗത്തിൽ, ഈ പ്രസ്ഥാനം തനിക്കു കൈക്കൊള്ളാൻ നിവൃത്തിയില്ലാത്ത അക്രമവഴികളിലേയ്ക്കു തിരിയുന്നതുകണ്ട് അദ്ദേഹം ഖേദിച്ചു. ഭരിക്കുന്നവരെ ആശ്രയിക്കാതെ ജനങ്ങൾ ശക്തിയും സ്വാഭിമാനവും നേടണമെന്നും തന്നത്താൻ ഭരിക്കാനാവുന്ന വിധത്തിൽ ശിക്ഷണം സാധിക്കയും പരസ്പരസഹായവാസന വളർത്തുകയും വേണമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ ആദർശങ്ങൾ. എന്നാൽ ബംഗാളിലെ ക്ഷമയററ ചെറുപ്പക്കാർ നിയമത്തെ ധിക്കരിക്കാനും, സർക്കാരുദ്യോഗസ്ഥന്മാരുടെ നേർക്കു ഭീകരപ്രവർത്തനങ്ങൾ നടത്തുവാനുമാണു മുതിർന്നത്. ഈ ചുററുപാടുകളിൽ രവീന്ദ്രനാഥൻ രാഷ്ട്രീയകാര്യങ്ങളിൽ നിന്നു സ്വയം വിരമിക്കുകയും തന്റെ ശ്രദ്ധ മുഴുവൻ ശാന്തിനികേതനത്തിന്റെ നടത്തിപ്പിൽ കേന്ദ്രീകരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ നില മനസ്സിലാക്കാതെ പലരും അന്നു് അദ്ദേഹത്തെ പഴിക്കയും, ജനവഞ്ചകനെന്നും, ദേശഭക്തിയില്ലാത്തവനെന്നും ആക്ഷേപിക്കയും ചെയ്തിരുന്നു. എന്നാൽ അതൊന്നും മഹാകവിയെ തന്റെ ആദർശങ്ങളിലും ലക്ഷ്യത്തിലും നിന്നു പിന്തിരിപ്പിക്കുവാൻ പ്രയോജനപ്പെട്ടില്ല.

ബംഗാളിലെ രാഷ്ട്രീയകാര്യങ്ങളിൽ ടാഗോറിനെ അലട്ടിക്കൊണ്ടിരുന്ന മറെറാരു വിഷയം അവിടത്തെ ഹിന്ദുക്കളും മുസ്ലീമങ്ങളും തമ്മിലുള്ള ഭിന്നിപ്പായിരുന്നു. അവിടെ ഒരു ഹിന്ദുകക്ഷിയും ഒരു മുസ്ലിംകക്ഷിയും ഉണ്ടായിരുന്നു. ഹിന്ദുയുവാക്കന്മാരും മുസ്ലീംയുവാക്കന്മാരുമടങ്ങിയ ചെറുസംഘങ്ങളെ ഗ്രാമങ്ങളിൽ അയച്ച് രണ്ടു മതക്കാരും തമ്മിൽ യോജിപ്പിലും മൈത്രിയിലും കഴിയാൻവേണ്ടി പ്രചരണവേല ചെയ്യിക്കണമെന്നൊരു പദ്ധതി അദ്ദേഹം ബംഗാൾ പ്രവിശ്യാസമ്മേളനത്തിൽ ഹാജരാക്കി. 1908-ൽ താൻ പ്രസ്തുത സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരിക്കവേയാണ് ഇങ്ങനെ ചെയ്തതു്. എന്നാൽ, ഹിന്ദുക്കളും മുസ്ലീമങ്ങളും തമ്മിൽ ഭിന്നിപ്പൊന്നുമില്ലെന്നു നടിക്കുന്നതിൽ അർത്ഥമില്ലെന്നു് അദ്ദേഹം ഹിന്ദുമുസ്ലിംഐക്യം പ്രസംഗിച്ചു നടക്കുന്നവരോടു പറയാറുണ്ടായിരുന്നു. മനുഷ്യർ എന്ന നിലയ്ക്കുള്ള സാമാന്യ താത്പര്യങ്ങൾ രണ്ടു കൂട്ടർക്കും ഒന്നുതന്നെയാണു്; മതഭിന്നതകൾ ഈ താത്പര്യങ്ങളെ യാതൊരു വിധത്തിലും ബാധിക്കുന്നില്ല; ഈ വസ്തുത അവർ ശരിക്കു മനസ്സിലാക്കുന്നപക്ഷം മത്സരബുദ്ധി വളരെ കുറയും. രവീന്ദ്രൻ ആ കുഴഞ്ഞ പ്രശ്നത്തിനു കണ്ടുപിടിച്ച പ്രായോഗികമായ പോംവഴി ഇതായിരുന്നു.

ഈ കാലഘട്ടത്തിൽത്തന്നെ രവീന്ദ്രനാഥൻ തന്റെ ഏററവും നല്ല കൃതികളിൽ ചിലതു രചിപ്പാനും ആരംഭിച്ചിരുന്നു. 'ശാരദോത്സവം' 'പ്രായശ്ചിത്തം' എന്ന രണ്ടു നാടകങ്ങളും ഇക്കാലത്തു് നിർമ്മിച്ചതാണു്. ഇവയ്ക്കു പുറമേ തൻെറ സ്മരണകൾ ലേഖന

ങ്ങളുടെ രൂപത്തിൽ മാസികകളിൽ പ്രസിദ്ധം ചെയ്യാനും തുടങ്ങിയിരുന്നു.

1911-ൽ അദ്ദേഹത്തിന് അമ്പതു വയസ്സു തികഞ്ഞു. ബംഗാളിൽ മുഴുവനും, ആ ജന്മദിനം ആഘോഷിക്കപ്പെട്ടു; വംഗീയ സാഹിത്യപരിഷത്ത് അദ്ദേഹത്തിന് ഒരു മംഗളപത്രിക സമർപ്പിച്ചു; ബ്രഹ്മസമാജത്തിന്റെ വാർഷികോത്സവത്തിൽ മഹാകവി സവിശേഷം ബഹുമാനിക്കപ്പെട്ടു. ഇവിടെവച്ചാണ് അദ്ദേഹം തന്റെ സുപ്രസിദ്ധദേശീയഗാനമായ 'ജനഗണമന' ആദ്യമായി പാടിയത്. മൂന്നു വ്യാഴവട്ടത്തിനുശേഷം സ്വാതന്ത്ര്യയിന്ത്യയുടെ ദേശീയഗാനമായി തിരഞ്ഞെടുക്കപ്പെട്ടതു് ഈ വിശിഷ്ടഗീതമായിരുന്നു. എല്ലാ രാജ്യക്കാരും താന്താങ്ങളുടെ ദേശീയഗാനത്തിനും, ദേശീയപതാകയ്ക്കും അത്യധികമായ പ്രാധാന്യം കല്പിച്ച് ആദരിച്ചുവരുന്നു. ഇന്ത്യ സ്വാതന്ത്ര്യയാകുന്നതിനു മുമ്പ് ഇവിടെ നിലവിലിരുന്നതു് വെള്ളക്കാരന്റെ 'യൂണിയൻജാക്ക്' കൊടിയും, 'റൂൾബ്രിട്ടാനിയാ' എന്ന രാഷ്ട്രീയഗാനവുമായിരുന്നു. ഇവ രണ്ടും ബ്രിട്ടീഷ് ദേശീയതയുടെ ചിഹ്നങ്ങളാണ്. അവയെ നാം സ്വീകരിക്കേണ്ടിവന്നതു് നമ്മുടെ അസ്വാതന്ത്ര്യത്തിന്റെ അടയാളങ്ങളായിട്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടെ നമ്മുടെ അടിമത്തത്തിന്റെ ആ ചിഹ്നങ്ങൾ പോയി, അശോകമുദ്രയോടുകൂടിയ ത്രിവർണ്ണപതാകയും, 'ജനഗണമന' ഗാനവും സ്വാതന്ത്ര്യയിന്ത്യയുടെ ദേശീയ ചിഹ്നങ്ങളായും തീർന്നു.

ജന്മദിനാഘോഷങ്ങൾക്കുശേഷം രണ്ടു മാസക്കാലം മഹാകവി, വിശ്രമമില്ലാതെകണ്ടുള്ള സാഹിത്യപരിശ്രമ

ത്തിൽ ഏപ്പെട്ടു; ഒരു യൂറോപ്യൻ സഞ്ചാരത്തിനുള്ള ഒരു ക്കങ്ങളും ചെയ്തു. എന്നാൽ പെട്ടെന്നു രോഗബാധിതനായി അദ്ദേഹം കിടപ്പിലായി. ആലോചിച്ചുറച്ച യൂറോപ്പുയാത്ര നീട്ടിവയ്ക്കേണ്ടിവന്നു. എന്നു മാത്രമല്ല കൽക്കട്ട വിട്ട് ശിലീഡാ ഗ്രാമത്തിൽ, നദിക്കരികിലുള്ള വീട്ടിൽ ആരോഗ്യം പരിരക്ഷിപ്പാനായി മാറിപ്പാർക്കേണ്ടതായും വന്നു. ഇതു് മററൊരു തരത്തിൽ ഒരനുഗ്രഹമായിത്തീർന്നു. രോഗത്തിൽനിന്നു മുക്തനാവുകയും പൂർണ്ണസുഖം പ്രാപിക്കയും ചെയ്യുതിനിടയ്ക്കുള്ള ഘട്ടത്തെ അദ്ദേഹം, തന്റെ ചില ബംഗാളി കവിതകൾ ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തുവാൻ ഉപയോഗിച്ചു. എന്നാൽ തർജ്ജിമ ചെയ്യുന്ന സമയത്തു് അവ പ്രസിദ്ധപ്പെടുത്തണമെന്നു് ആലോചിച്ചിരുന്നില്ല.

ശരീരസുഖം വീണ്ടു കിട്ടിയ ഉടൻ തന്നെ അദ്ദേഹം ഇംഗ്ലണ്ടിലേക്കു യാത്ര തിരിച്ചു. ഇതു് 1912 മേ മാസത്തിലായിരുന്നു. കപ്പലിൽവച്ചും ഇംഗ്ലീഷിലേക്കുള്ള വിവർത്തനങ്ങൾ തുടർന്നു. ലണ്ടനിൽ എത്തിയ ഉടൻ അദ്ദേഹം തൻെറ ഒരു സുഹൃത്തായ ആർട്ടിസ്റ്റ് റോതൻസ്റ്റീനെ കണ്ടു. ഇൻഡ്യയിൽ സഞ്ചരിച്ചിരുന്നപ്പോൾ ഇദ്ദേഹം ശരങ്കോവിൽ വരികയും രവീന്ദ്രനാഥൻെറ ആതിഥ്യം സ്വീകരിക്കയും ചെയ്തിട്ടുള്ള ഒരാളായിരുന്നു. മഹാകവിയുടെ കൃതികളെന്തെങ്കിലും ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടോ എന്നു റോതെൻസ്റ്റീൻ അദ്ദേഹത്തോടു ചോദിച്ചു. രവീന്ദ്രനാഥൻ സുഖക്കേടിനുശേഷമുള്ള തന്റെ പരിശ്രമങ്ങളെ അദ്ദേഹത്തെക്കാണിച്ചു. പരിഭാഷകൾ

വായിച്ചുനോക്കിയ റോതെൻസ്റ്റീനു് അത്ഭുതവും ആനന്ദവുമുണ്ടായി. അദ്ദേഹം തൻെറ മിത്രവും ഒരു സുപ്രസിദ്ധ ഐറിഷ് കവിയുമായ ഡബ്ള്യൂ. ബി. യീററ്സിനെ ആ വിവർത്തനം കാണിച്ചു. അതിൻെറ വിലയും മാഹാത്മ്യവും യീറ്റ്സ് തൽക്ഷണം തന്നെ ഗ്രഹിച്ചു. റോതെൻസ്റ്റീൻെറ ഗൃഹത്തിൽ അവർ, ഇംഗ്ലണ്ടിലെ ചില പ്രമുഖ സാഹിത്യകാരന്മാരെ വിളിച്ചുകൂട്ടി ടാഗൂർകൃതികൾ വായിച്ചുകേൾപ്പിച്ചു. അവരുടെ അളവററ അഭിനന്ദനങ്ങൾക്കു പാത്രമായ പ്രസ്തുത കൃതി ഉടൻതന്നെ ഇംഗ്ലണ്ടിൽ മുദ്രണം ചെയ്യപ്പെട്ടു. ഇങ്ങനെ യീററ്സിൻെറ നേതൃത്വത്തിൽ പ്രസിദ്ധം ചെയ്യപ്പെട്ട വിശ്രുതഗ്രന്ഥമാണു്, പിന്നീടു നോബൽ സമ്മാനത്തിന്നർഹമായിത്തീർന്ന 'ഗീതാഞ്ജലി'.

ആ സാഹിത്യസുഹൃത്തുക്കളുടെ സമാഗമത്തിനു ശേഷം അതിവേഗത്തിൽ ടാഗോർ പ്രസിദ്ധനായിത്തീർന്നു. റോതൻസ്റ്റീൻെറ ഗൃഹത്തിൽവെച്ചായിരുന്നു അദ്ദേഹം സി. എഫ്. ആൻഡ്രൂസിനെ ആദ്യം കണ്ടുമുട്ടിയതു്. ആ സന്ദർശനം ആജീവനാന്തം നില നിന്ന ഒരു സ്നേഹബന്ധത്തിനു വഴിതെളിച്ചു. ഇംഗ്ലണ്ടിൽനിന്നു് രവീന്ദ്രനാഥൻ അമേരിക്കയിലേക്കു പോയി. അവിടെച്ചെന്നു് ചിക്കാഗോ, ഹാർവാർഡ് എന്നീ സർവ്വകലാശാലകളിൽ ഭാരതീയ തത്ത്വചിന്തയെ സംബന്ധിച്ച് ഏതാനും പ്രസംഗങ്ങൾ ചെയ്തു. ഈ പ്രസംഗങ്ങളെ സംഗ്രഹിച്ചതാണു് 'സാധന' എന്ന ഗ്രന്ഥം.

1913-ൽ ടാഗോർ പാശ്ചാത്യപര്യടനം കഴിഞ്ഞു് ഇന്ത്യയിൽ തിരിച്ചെത്തി, അധികം താമസിയാതെ അദ്ദേ

ഥത്തിനു സാഹിത്യത്തിനുള്ള നോബൽസമ്മാനം ലഭിച്ചു. ഈ സമ്മാനം നാർവേക്കാരനായ നോബൽ എന്നൊരു കോടീശ്വരൻെറ നാമത്തിൽ ഏർപ്പെടുത്തീട്ടുള്ളതാണു്. ആണ്ടുതോറും, സാഹിത്യം, കലകൾ, സയൻസ്, വൈദ്യശാസ്ത്രം, ലോകസമാധാനയത്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഏററവും ഉത്തമമായ സേവനം അനുഷ്ഠിച്ചിട്ടുള്ള വ്യക്തികൾക്കു് ഓരോ സമ്മാനം നല്കപ്പെടുന്നു. സ്വീഡൻ രാജ്യത്തുള്ള പണ്ഡിതസമിതിയാണു് സമ്മാനാർഹന്മാർ ആരാണെന്നു നിശ്ചയിക്കുന്നതു്. ടാഗോറിനു നോബൽ സമ്മാനം ലഭിച്ചതോടുകൂടി അദ്ദേഹത്തിൻെറ പേർ ലോകമെങ്ങും പരന്നു. ആദ്യമായി ഈ സമ്മാനം ലഭിച്ച ഇന്ത്യാക്കാരൻ അദ്ദേഹമായിരുന്നു. 1913-ൽ കല്കത്താസർവ്വകലാശാല അദ്ദേഹത്തെ 'ഡോക്ടർ അഫ് ലിറററേച്ചർ' ബിരുദം നല്കി മാനിച്ചു. രണ്ടു കൊല്ലം കഴിഞ്ഞു് ബ്രിട്ടീഷ് രാജാവു് അദ്ദേഹത്തിനു് സർസ്ഥാനവും കൊടുത്തു, ടാഗോറിനെ മാനിക്കുന്നതുതന്നെ മാനമായി പലരും കരുതിത്തുടങ്ങി.

~~~~~~~~~~
~~~~~~~~~~

VIII

യുദ്ധവും അമൃതസരസ്സും

യൂറോപ്പിലും അമേരിക്കയിലും സഞ്ചരിച്ചിരുന്ന അവസരത്തിൽ രവീന്ദ്രനാഥൻ നേരിട്ടു കണ്ടറിഞ്ഞ പല സംഗതികളും അദ്ദേഹത്തിന് ലോകസമാധാനത്തെ സംബന്ധിച്ച ആശങ്കകൾക്ക വക നല്കിയിരുന്നു. വിവിധരാജ്യങ്ങൾ തമ്മിൽ സ്നേഹവും സഹകരണമനഃസ്ഥിതിയും കൈവരുത്തുവാനുള്ള യത്നങ്ങളിൽ ശാന്തിനികേതനം ഒരു പ്രധാന പങ്കു വഹിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചതു്. 1914-ൽ സി. എഫ്. ആൻഡ്രൂസും വേറൊരു ഇംഗ്ലീഷ് സ്നേഹിതനായ ഡബ്ല്യൂ. ഡബ്ല്യൂ. പിയേർസനും, ആശ്രമത്തിൽ വന്നു താമസിക്കാമെന്നും, അവിടത്തെ അദ്ധ്യാപനജോലികളിൽ സഹായിക്കാമെന്നും ഏററതു് മഹാകവിയെ സന്തോഷിപ്പിച്ചു. അവർ രണ്ടാളും ആ കൊല്ലം തന്നെ വന്നെത്തി. 1915-ൽ, തെക്കെ ആഫ്രിക്കയിലുള്ള ഇന്ത്യൻ സമുദായവുമായി ബന്ധം ഉണ്ടാക്കുവാൻ ശാന്തിനികേതനത്തിനു കഴിഞ്ഞു. മഹാത്മാഗാന്ധി തെക്കെ ആഫ്രിക്കയിൽ 'ഫിനിക്സ് സ്കൂൾ' എന്നൊരു വിദ്യാഭ്യാസസ്ഥാപനം ഏപ്പെടുത്തിട്ടുണ്ടായിരുന്നു. അവിടത്തെ വിദ്യാത്ഥികളിൽ കുറേപ്പേർ ശാന്തിനികേതനത്തിൽ വന്നു് ആ സ്ഥാപനത്തിൻെറ പ്രവൎത്തനത്തിൽ പങ്കുകൊണ്ടു. ഗാന്ധിജിതന്നെ അവിടെ വന്നു മഹാകവിയുമൊരുമിച്ചു ചില നാൾ പാൎത്തു. ഇതായിരുന്നു ഈ രണ്ടു

ഭാരതീയമഹാന്മാരുടേയും ആദ്യത്തെ അന്യോന്യസന്ദർശനം.

1914 ആഗസ്റ്റിൽ, യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇങ്ങനെ എന്തെങ്കിലും ഉണ്ടാകുമെന്നു മഹാകവി തന്റെ പാശ്ചാത്യസഞ്ചാരകാലത്തു തന്നെ ഊഹിച്ചിരുന്നതാണ്. അന്യോന്യം ശാന്തമായി കാര്യങ്ങൾ പറഞ്ഞു് ഒത്തുതീർപ്പിലെത്തുന്നതിനു പകരം, ഒരുകൂട്ടക്കാരുടെ അഭിലാഷങ്ങൾ മറുപക്ഷക്കാരെക്കൊണ്ടു സമ്മതിപ്പിക്കുന്നതിനായി, മനുഷ്യൻ മനുഷ്യനെക്കൊല്ലുകയും, പട്ടണങ്ങളും കൃഷിഭൂമികളും, അനേകകാലത്തെ പ്രയത്നത്തിന്റെയും ഗാഢാലോചനയുടേയും ഫലമായ കലാവസ്തുക്കളും മററും കൊള്ളിവച്ചും കൈയേറിയും നശിപ്പിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായത്തെ—യുദ്ധത്തെ—അദ്ദേഹം അതികഠിനമായി വെറുത്തു. അദ്ദേഹത്തിനു മനുഷ്യനിലും ദൈവത്തിലുമുണ്ടായിരുന്ന വിശ്വാസം, ഊർജ്ജിതമായി പരീക്ഷിക്കപ്പെട്ടു. യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ അദ്ദേഹം എഴുതിയ പല കവിതകളിലും, തന്റെ ഈദൃശമായ മനഃക്ലേശം നിഴലിച്ചു കാണാനുണ്ടു്. 'വലാക' എന്ന പേരിൽ പുസ്തകരൂപത്തിൽ ഈ കവിതകൾ പിന്നീടു പ്രസിദ്ധീകരിക്കപ്പെട്ടു. 'ഫാൽഗുനി' അഥവാ വസന്തവൃത്തം എന്ന മനോഹരമായ സംഗീതനാടകം രചിച്ചതും ഈ കാലത്തുതന്നെ ആയിരുന്നു.

1916-ലെ ശൈത്യകാലത്തു് മഹാകവി ജപ്പാനിലേക്കും അവിടെനിന്നു അമേരിക്കയിലേക്കും സഞ്ചാരം ചെയ്തു. ജപ്പാൻകാർ ഒരു സഹോദരപൗരസ്ത്യരാജ്യമായ

ഇൻഡ്യയിലെ മഹാകവി എന്ന നിലയ്ക്കാണു് അദ്ദേഹത്തെ എങ്ങും സ്വീകരിച്ചു സല്ക്കരിച്ചതു്. സൗന്ദര്യപ്രിയം അവരുടെ ഒരു സ്വഭാവവിശേഷമാണു്. ജപ്പാനിലെകവികളോടും കലാകാരന്മാരോടും രവീന്ദ്രനാഥനു്, എളുപ്പത്തിൽ മമതാബന്ധങ്ങൾ സ്ഥാപിക്കുവാൻ കഴിഞ്ഞു. ജപ്പാൻകാരുടെ ധീരതയ്ക്കു നിദാനം അവരുടെ സൗന്ദര്യപ്രിയത്വമാണെന്നും മഹാകവിക്കു തോന്നി. തന്റെ നാട്ടുകാർ, ജപ്പാൻകാരിൽനിന്നു പല പാഠങ്ങളും ഗ്രഹിക്കേണ്ടതായുണ്ടെന്നും അദ്ദേഹം കരുതി. ജപ്പാൻസാമ്രാജ്യത്തിന്റെ തലസ്ഥാനനഗരമായ ടോക്കിയോവിലെ സർവ്വകലാശാലയിൽ രവീന്ദ്രനാഥൻ ചില പ്രസംഗങ്ങൾ ചെയ്തു. അതിന്നായി അദ്ദേഹം തിരഞ്ഞെടുത്ത വിഷയം 'ദേശീയത' ആയിരുന്നു. പ്രസംഗങ്ങളിൽ ആധുനികദേശീയവാദത്തിന്റെ ദൂഷ്യവശങ്ങളെ ചൂണ്ടിക്കാണിച്ചിരുന്നു. ഗവൺമെന്റുകൾ നടത്തുന്നതിൽ വ്യക്തികൾക്കല്ല, സംഘങ്ങൾക്കാണു് ചുമതല എന്നു വരുമ്പോൾ, സാധുജനങ്ങളുടെ താല്പര്യം പരിരക്ഷിക്കുവാൻ പിൻതുണയില്ലാതെ ഭരണം യാന്ത്രികമായിത്തീരും ; സ്വന്തം നാട്ടിന്നു ശക്തിയും ഐശ്വര്യവും വർദ്ധിപ്പിക്കാനുള്ള മോഹത്തിൽ അന്യരാജ്യക്കാരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടും ; എന്നിങ്ങനെയായിരുന്നു [illegible] ദൂഷിച്ച വശങ്ങളിൽ ചിലവ. ഒടുവിൽ പറഞ്ഞതിനെ ഉദാഹരിക്കാനായി ജപ്പാൻകാർ ചൈനയോടു കാട്ടുന്ന അനീതികളെ അദ്ദേഹം എടുത്തു പറകയും ചെയ്തു. ആത്മാർത്ഥതയോടുകൂടിയ ഈ നിരൂപണം ആ രാജ്യക്കാർക്കു തീരെ രസിച്ചില്ല. അതുകൊണ്ടു്

ആദ്യം മഹാകവിയെ സല്ക്കരിക്കയും, ബഹുമാനിക്കയും ചെയ്ത അവർ അടുത്ത ഘട്ടത്തിൽ, അദ്ദേഹത്തെ അനാദരിക്കാൻ മാത്രമല്ല ആക്ഷേപിക്കാൻ പോലും മുതിന്നു. ഇക്കാരണങ്ങളാൽ സന്ദർശനം പെട്ടെന്നവസാനിപ്പിച്ചു രവീന്ദ്രനാഥൻ അമേരിക്കയ്ക്കു കപ്പൽ കയറി.

ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം യുദ്ധം അവസാനിക്കുന്നതുവരെ അദ്ദേഹം പിന്നെ എങ്ങും സഞ്ചരിച്ചിട്ടില്ല. നാട്ടിൽ താമസിച്ചുകൊണ്ടു് വിദ്യാലയങ്ങളിൽ ഇംഗ്ലീഷിനു പകരം ബംഗാളി അദ്ധ്യാപനഭാഷയായി സ്വീകരിപ്പിക്കുവാൻ ഊർജ്ജിതമായ പരിശ്രമങ്ങൾ നടത്തി. ഈ ശ്രമങ്ങൾക്കു സഹായമാവുംവണ്ണം അക്കാലത്തു് എഴുതി പ്രസിദ്ധംചെയ്ത ഒരു ഹാസ്യകൃതിയാണു് 'തത്തയുടെ പരിശീലനം'. പാടിയും പറന്നും സ്വാതന്ത്ര്യത്തിൽ കഴിഞ്ഞ ഒരു തത്തയെ പൊന്നഴികളുള്ള ഒരു കൂട്ടിൽ 'പരിശീലന'ത്തിനായി പിടിച്ചടയ്ക്കുന്നു. പകപ്പിൻെറ പകപ്പായ പാഠ്യപുസ്തകങ്ങൾ ആഹാരാത്ഥം കൂട്ടിനുള്ളിൽ തിക്കി നിറയ്ക്കുന്നു. തത്തയുടെ ചിറകുകൾ മുറിക്കയും, കാലുകൾ കൂട്ടിക്കെട്ടുകയും ചെയ്യുന്നു. ഒടുവിൽ അതു ചാവുമ്പോൾ അനക്കിയാൽ ഒച്ച പുറപ്പെടുന്നതു് പുസ്തകങ്ങളുടെ കടലാസ്സുകളിൽനിന്നു മാത്രമാണു്. പക്ഷേ, എല്ലാവരും പറയുന്നു അതിൻെറ വിദ്യാഭ്യാസം പൂത്തിയായി എന്നു്. ഇതാണു് 'തത്തയുടെ പരിശീലന'ത്തിലെ പ്രതിപാദ്യം.

ഒന്നാം ലോകമഹായുദ്ധം 1918-ൽ അവസാനിച്ചു. അതേ കൊല്ലം തന്നെ മഹാകവിയുടെ മൂത്ത മകൾ അന്തരിച്ചു. മററു പല ക്ലേശങ്ങളുമെന്നപോലെ അദ്ദേഹം

ഈ വിയോഗത്തെയും സഹിച്ചതു ശാന്തിനികേതന ത്തിൽ തൻെറ ജോലികഠം വർദ്ധിപ്പിച്ചുകൊണ്ടാണ്. പുതിയതും കൂടുതൽ നല്ലതുമായ ഒരു ലോകത്തിൻെറ സംവിധാനം സാദ്ധ്യമാക്കുന്നതിന് ഇന്ത്യയ്ക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്ന് അദ്ദേഹം ഗാഢമായി ആലോ ചിപ്പാൻ തുടങ്ങി. അതിന്റെ ഫലമായി ഒരു ലോകസർവ്വ കലാശാല സ്ഥാപിക്കണമെന്നുള്ള നിശ്ചയത്തിൽ എത്തി ച്ചേൻറു. 1918 ഒടുവിൽ ശാന്തിനികേതനത്തിൽ, വിശ്വ ഭാരതിയുടെ അസ്ഥിവാരക്കല്ലിട്ടതോടുകൂടി ആ നിശ്ചയം രൂപമെടുക്കാനും തുടങ്ങി.

1919 ഏപ്രിൽ 13-ാംനു- അമൃതസരസ്സിലെ ജാലിയൻവാലാബാഗ് മൈതാനത്തുവച്ച് ജനറൽ ഡയ റിൻെറ നേതൃത്വത്തിൽ കുറെ ബ്രിട്ടീഷ്ഭടന്മാർ, എതിർ പ്പാൻ ത്രാണിയില്ലാത്തവരും ആയുധം ധരിക്കാത്തവരു മായ കുറെ ഇന്ത്യാക്കാരെ—വൃദ്ധന്മാരെന്നും, സ്ത്രീകളെന്നും, ശിശുക്കളെന്നും, യാതൊരു വ്യത്യാസവും വകവെയ്ക്കാതെ —ആയിരക്കണക്കിനു വെടിവെച്ചു കൊന്നു. പഞ്ചാബ് പ്രവിശ്യമുഴവനും പട്ടാളനിയമം നടപ്പാക്കി. ഈ സംഭ വങ്ങഠം നമ്മുടെ നാട്ടിൽ അങ്ങോളമിങ്ങോളം ഭരണാധി കാരികളുടെ നേക്ക് വെറുപ്പും വിദ്വേഷവും ജനിപ്പിച്ചു. നെറികെട്ട ഈ അക്രമപ്രവൃത്തിയിൽ തൻെറ ഊജ്ജി തമായ പ്രതിഷേധം രേഖപ്പെടുത്താൻ, മററു നേതാക്കന്മാ രോടൊപ്പം രവീന്ദ്രനാഥനും മുന്നോട്ടുവന്നു. 1915-ൽ ബ്രിട്ടീഷു രാജാവ് തനിക്കു നൽകിയ "സർ" സ്ഥാനം അദ്ദേഹം ഉപേക്ഷിച്ചു. ബിരുദചിഹ്നങ്ങളും സ്ഥാനം

സംബന്ധിച്ച സന്നത്തും, അന്നത്തെ വൈസ്റോയി ആയിരുന്ന ചെംസ്ഫോർഡ് പ്രഭുവിന് ഒരു കത്തു സഹിതം മടക്കി അയച്ചുകൊടുത്തു. കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: "ഞങ്ങളുടെ നികൃഷ്ടവും നിസ്സഹായവുമായ നില നോക്കുമ്പോൾ ബിരുദചിഹ്നങ്ങൾ അവമതി മുദ്രകളായി തിളങ്ങുന്ന സന്ദർഭമാണിത്."

IX

വിശ്വഭാരതി-ശ്രീനികേതം

"യത്ര വിശ്വം ഭവതി ഏകനീഡം—" 'എവിടെ ലോകമെല്ലാം ഇങ്ങനെ ഒന്നായിത്തീരുന്നു' എന്നാണ് രവീന്ദ്രനാഥടാഗോറിന്റെ വിശ്രുതമായ വിശ്വഭാരതി സർവ്വകലാശാലയുടെ മുദ്രാവാക്യം. ഇങ്ങനെയുള്ള ഒരു കേന്ദ്രസ്ഥാപനത്തിന്റെ അത്യാവശ്യം രവീന്ദ്രനാഥന്റെ ആലോചനയ്ക്കു വിഷയമായതെങ്ങനെ എന്നും; 1918 അവസാനത്തിലാണ് അതിന്റെ അസ്ഥിവാരമിട്ടതെന്നും മുൻപു പറഞ്ഞിട്ടുണ്ട്. പുരാതന ഭാരതീയസർവ്വകലാശാലയായ നളന്ദയുടെ വിവരണങ്ങൾ, പ്രാചീന സംസ്കൃതഗ്രന്ഥങ്ങളിൽ കാണ്മാനുണ്ട്. ഇത്തരമൊരു മാതൃ

കയിൽ തന്റെ സ്ഥാപനത്തെ, ലോകസംഗ്രഹാൎത്ഥം വളൎത്തിയുയൎത്തിക്കൊണ്ടു വരണമെന്നുള്ളതായിരുന്നു രവീന്ദ്രനാഥന്റെ അഭിലാഷം. ഇൻഡ്യയിൽ നിലനിന്നു പോരുന്ന മററു സൎവ്വകലാശാലകൾ, പാശ്ചാത്യദേശങ്ങളിലെ തുല്യസ്ഥാപനങ്ങളുടെ പകൎപ്പുകൾ മാത്രമാണെന്നും ഇംഗ്ലീഷ് അദ്ധ്യയനഭാഷയായി, സ്വീകരിച്ചിരിക്കുന്ന അവയ്ക്കു തികച്ചും ഭാരതീയമായ ഒരന്തരീക്ഷം പുലൎത്തുവാൻ പോലും സാദ്ധ്യതയില്ലെന്നും മഹാകവി അനുമാനിച്ചു. പൌരസ്ത്യസംസ്കാരങ്ങളുടെ പോഷണത്തിനു പ്രത്യേകമായിത്തന്നെ ഒരു സ്ഥാപനം ആവശ്യം ആകുന്നു. പൌരസ്ത്യസംസ്കാരങ്ങളെന്നു പറയുമ്പോൾ അദ്ദേഹം ഉദ്ദേശിച്ചതു പ്രധാനമായി മൂന്നെണ്ണത്തെയാണ്— ഇൻഡ്യയുടേയും തിബററ്, ചീന, ജപ്പാൻ, ഇവയുടേയും ഇസ്ലാമിന്റെയും സംസ്കാരങ്ങൾ.

ശാന്തിനികേതനം വിദ്യാലയം തുടങ്ങി ഇരുപതു കൊല്ലംകഴിഞ്ഞ 1921, ഡിസംബറിലാണ്, വിശ്വഭാരതി ഉൽഘാടനംചെയ്തതു്. 1918 മുതൽ മൂന്നു കൊല്ലം കൊണ്ടു് ഒരു സൎവ്വകലാശാലയ്ക്കു വേണ്ട ഒരുക്കങ്ങളെല്ലാം ഒരു വിധം സാധിച്ചിരുന്നു. ഇതിനിടയ്ക്കു മഹാകവി 1920-ൽ ഒന്നുകൂടി യൂറോപ്പിലേയ്ക്കു പോകയും, പല പ്രസിദ്ധ സൎവ്വകലാശാലകളും സന്ദൎശിക്കയും, അവിടങ്ങളിലെ പണ്ഡിതന്മാരുമായി വിശ്വഭാരതിയിലേൎപ്പെടുത്താൻ ഉദ്ദേശിച്ചിരുന്ന പഠനരീതികളെപ്പററി ചൎച്ചകൾ നടത്തുകയും ചെയ്തിരുന്നു. വിശ്വഭാരതിയിൽ ജാതി, മതം, അഭിപ്രായം മുതലായവയിലുള്ള ഭിന്നതകളെന്നും

അംഗീകരിക്കപ്പെട്ടിരുന്നില്ല. ഹിന്ദു, മുസ്ലിം, സിക്കു്, പാഴ്സി, ബൌദ്ധൻ, കൃസ്ത്യാനി, ജൂതൻ, മുതലായി ഏവൎക്കും അവിടെ സന്തോഷപൂൎവ്വമായുള്ള സ്വീകരണവും സ്വന്തം അഭിപ്രായങ്ങൾ ഇഷ്ടംപോലെ പ്രകടിപ്പിക്കാനുള്ള അവസരവും ഉണ്ടു്. ഹോസ്റ്റലുകളിലും ആഹാരശാലകളിലും യാതൊരുവൎഗ്ഗവ്യത്യാസവും കൂടാതെ പെരുമാറണമെന്നതു് ഉറച്ച നിയമവുമായിരുന്നു.

ലോകമെങ്ങുമുള്ള മററു സാംസ്കാരികസ്ഥാപനങ്ങളുമായി ഈ സൎവ്വകലാശാലയ്ക്കുണ്ടായിരുന്ന പ്രധാന വ്യത്യാസം, ഇവിടെ കലകൾക്കും സംഗീതത്തിനും പ്രാചീന സംസ്കാരങ്ങൾക്കും കൈത്തൊഴിലുകൾക്കും പ്രാമാണ്യം കല്പിച്ചുകൊണ്ടുള്ള പഠനരീതിയാണുള്ളതെന്നാണു്. എന്നാൽ സയൻസ് മുതലായ നവീനവിജ്ഞാനശാഖകളും പാഠപദ്ധതിയിൽനിന്നു വിട്ടുകളഞ്ഞിട്ടില്ല. വിദഗ്ദ്ധന്മാർ ഭൂലോകത്തിൻെറ ഏതു ഭാഗത്തുനിന്നു വന്നവരായാലും, അവരവരുടെ പ്രത്യേകമായ വൈദഗ്ദ്ധ്യം ഇവിടെ പ്രകടിപ്പിക്കയും, വിദ്യാൎത്ഥികളോടു പ്രസംഗിക്കയും വേണം. ക്ലിപ്തമായ പാഠപദ്ധതികളോ, ഹാജർ സംബന്ധിച്ച നിബന്ധനകളോ, വിദ്യാൎത്ഥികൾ ഇന്നയിന്ന പ്രസംഗങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ എന്ന ചട്ടമോ ഇല്ല. ഓരോ വിദ്യാൎത്ഥിക്കും തന്റെ പ്രത്യേകമായ അഭിരുചി അനുസരിച്ചുപെരുമാറുന്നതിനുള്ള പൂൎണ്ണസ്വാതന്ത്ര്യമുണ്ടു്. ഒരു നല്ല ഗ്രന്ഥശാലയും, കലാവസ്തുക്കളുടെ ശേഖരവും, ഈ സ്ഥാപനത്തിനു് ഇതിനകംതന്നെ ഉണ്ടായികഴിഞ്ഞിട്ടുണ്ടു്. സ്ഥാപകനായ മഹാകവിയുടെ ആശയം അനു

സരിച്ച് എല്ലാ ശാഖകളും പുഷ്ടിപ്പെടുത്തിയിട്ടില്ല. പക്ഷേ കഷ്ടിച്ചു മുപ്പതുവർഷം മാത്രമായിട്ടുള്ള ഈ കലാലയം സ്വതന്ത്രഭാരതത്തിന്റെ പ്രധാനസാംസ്കാരിക കേന്ദ്രമായി വളന്നു വികസിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഇപ്പോഴുണ്ട്.

മഹാകവിയുടെ ഹൃദയത്തിൽ സ്ഥായിയായി സ്ഥലം പിടിച്ചിട്ടുള്ള ഒരു താല്പര്യമായിരുന്നു ഗ്രാമങ്ങളെ ഉദ്ധരിക്ക എന്നതു്. കുടുംബത്തിലെ വസ്തുവകകളുടെ ഭരണം ഏറെറടുത്തു് ശിലീഡയിൽ താമസിച്ചിരുന്നതു മുതല്ക്കു് അദ്ദേഹം ഇതിനുവേണ്ടി ഓരോ പദ്ധതികൾ രൂപവല്ക്കരിക്കാൻ തുടങ്ങിയിരുന്നു. ശാന്തിനികേതനത്തിനു ചുററുമുള്ള പല ചെറിയ ഗ്രാമങ്ങളിൽ പാത്തിരുന്നതു് ബംഗാളികളല്ല, ആദിമനിവാസികളിൽപ്പെട്ട 'സന്താൾ' വർഗ്ഗക്കാരായിരുന്നു. ദേവേന്ദ്രനാഥടാഗോർ ശാന്തിനികേതനത്തിൽവന്നു് ആദ്യമായി താമസം തുടങ്ങിയപ്പോൾ ഇവർ കേവലം അപരിഷ്കൃതരായിരുന്നു. രവീന്ദ്രനാഥനു് ഇവരുടെ ഉന്നമനത്തിൽ അതിയായ താല്പര്യം തോന്നി. വിശ്വഭാരതീപ്രവർത്തനം തുടങ്ങി അധികം കഴിയുംമുമ്പ്, അതിന്റെ ഒരു തുറയായി ഗ്രാമപുനരുദ്ധാരണത്തിനു് ഒരു കേന്ദ്രംകൂടി തുടങ്ങുകയും അതിനു് 'ശ്രീനികേതം' എന്ന പേർ നൽകുകയും ചെയ്തു.

രവീന്ദ്രനാഥന്റെ പുത്രനായ രതീന്ദ്രനാഥൻ, അമേരിക്കയിൽ മൂന്നുകൊല്ലം കൃഷിശാസ്ത്രം അഭ്യസിച്ചശേഷം തിരിച്ചെത്തിയിട്ടുണ്ടായിരുന്നു. പുത്രന്റെ മേൽനോട്ടത്തിൽ സന്താൾവർഗ്ഗക്കാർക്കു ശാസ്ത്രീയമായി കൃഷി ചെയ്യു

ണ്ട വിധങ്ങൾ അഭ്യസിപ്പിച്ചു, മാതൃകാ കൃഷിത്തോട്ടങ്ങളും ഉണ്ടാക്കി അവക്കു പരിശീലനം നൽകി. നല്ലതരം വിത്തുകളെ യോജിപ്പിച്ചെടുക്കുന്നതിനും പഴങ്ങളുടെ ഗുണം വർദ്ധിപ്പിക്കുന്നതിനുമുള്ള ശാസ്ത്രീയശ്രമങ്ങളും ചെയ്തുകൊണ്ടിരുന്നു. കൂടാതെ കൃഷിക്കാരുടെ ആരോഗ്യവും ശുചിത്വവും നന്നാക്കുന്നതിനും, അവരെ അക്ഷരം പഠിപ്പിക്കുന്നതിനും, അവരുടെ ജീവിതത്തോത്തുയർത്തുന്നതിനു വേണ്ടിയുള്ള യത്നങ്ങളും നടത്തിവന്നു. ശ്രീനികേതം കേന്ദ്രത്തിൽ ഒരു ഡിസ്പെൻസറിയും, ഗ്രാമീണക്കു വൈദ്യസഹായം ചെയ്യാനായി ഒരു മെഡിക്കൽ സർവ്വീസും സംഘടിപ്പിച്ചു. അതിനെ പോഷിപ്പിക്കാനായി ഗ്രാമീണജനങ്ങൾ അംഗങ്ങളായുള്ള ഒരു 'ആരോഗ്യസഹകരണസംഘ'വുമുണ്ടാക്കി.

ശ്രീനികേതത്തിനു പ്രത്യേകമായി ഒരു വിദ്യാഭ്യാസവകുപ്പുമുണ്ടു്. ഗ്രാമീണാവശ്യങ്ങളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ, ശാന്തിനികേതനത്തിലെ അദ്ധ്യാപകന്മാരെ പൊതുവേ സഹായിക്കാനും, ഗ്രാമീണബാലന്മാരെ പഠിപ്പിക്കാനുമാണു് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. നവീനസമ്പ്രദായങ്ങളനുസരിച്ചു വില്ലേജ് അദ്ധ്യാപകന്മാക്കു പരിശീലനം നല്കുന്നതും ഈ വകുപ്പിൽനിന്നാണു്. ശ്രീനികേതത്തിൽ ഗ്രാമബാലന്മാക്കു വേണ്ടി ഒരു 'ബോർഡിംഗ് സ്കൂളും', അവരെ കൈത്തൊഴിലും ശില്പങ്ങളും അഭ്യസിപ്പിക്കാൻ ഒരു 'ശില്പഭവനവും' നടത്തിവരുന്നുണ്ടു്. ഇതുമാതിരിയുള്ള സ്ഥാപനങ്ങൾ ഇൻഡ്യയിലെ സകല

ഗ്രാമസങ്കേതങ്ങളിലും ഉണ്ടാക്കണമെന്നതായിരുന്നു രവീന്ദ്രനാഥന്റെ ലക്ഷ്യം.

X

ചെറുകഥ—നോവൽ—നാടകം

ഇന്ത്യയിലെന്നു മാത്രമല്ല ലോകത്താസകലമുള്ള കവികളിൽ മുഖ്യമായ ഒരു സ്ഥാനമാണ് രവീന്ദ്രനാഥനുള്ളത്. എന്നാൽ, അദ്ദേഹം കവിതാനിർമ്മാണത്തിൽ മാത്രമല്ല വിജയം കൈവരിച്ചത്. ബംഗാളിലെ ജീവിതരീതികൾ നിഴലിക്കുന്നതും ഫലിതം നിറഞ്ഞതുമായ അനേകം ചെറുകഥകളും, മൂന്നു നീണ്ട നോവലുകളും, ഗദ്യത്തിലും പദ്യത്തിലുമായി ഇരുപത്തിയഞ്ചു നാടകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. കഥകൾ മിക്കതും നിത്യജീവിതത്തിൽ നടക്കുന്ന കൊച്ചു കൊച്ചു സംഭവങ്ങളെ ആധാരമാക്കി എഴുതീട്ടുള്ളവയാണ്. അവയിൽ സാമാന്യമനുഷ്യന്റെ മൗലികവികാരങ്ങൾ പ്രതിഫലിച്ചു കാണാം. ചെറുപ്പകാലത്തെ ഓർമ്മകളും, ഭയങ്ങളും, പ്രത്യാശകളുമൊക്കെയാണ് രവീന്ദ്രനാഥന്റെ പല നല്ല നല്ല കഥകൾക്കും അടിസ്ഥാനമായിട്ടുള്ളത്.

ഒരു വിദ്യാർത്ഥി ആയിരുന്നപ്പോൾ അദ്ദേഹം അല്പ കാലം ശരീരവ്യവച്ഛേദശാസ്ത്രം (അനാട്ടോമി) അഭ്യസിച്ചിരുന്നു. അതിൻെറ ആവശ്യത്തിന്ന് ഒരസ്ഥികൂടവുമുണ്ടായിരുന്നു. ഇതാണു് രവീന്ദ്രനാഥൻെറ 'കങ്കാളം' എന്ന പ്രസിദ്ധ കഥയ്ക്കു വക നല്കിയതു്. ദൂരസ്ഥലങ്ങളിൽ നിന്നു കല്ക്കത്തയിൽവന്നു ചില്ലറ സാമാനങ്ങൾ വീടു തോറും കൊണ്ടുനടന്നു വില്ക്കുന്ന ചിന്തിക്കാരെ, തൻെറ ബാല്യത്തിൽ അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നു. 'കാബൂലിവാലാ' എന്ന കഥയിൽ ഈ ഇഷ്ടംതെളിഞ്ഞു കാണാം. അഹമ്മദബാദിലെ ഒരു ജീർണ്ണിച്ച കൊട്ടാരത്തിൽ ജ്യേഷ്ഠനമൊന്നിച്ച് രവീന്ദ്രനാഥൻ ചെറുപ്പകാലത്തു് കുറെനാൾ പാർത്തിരുന്നു. അതിൻെറ ഓർമ്മയാണു് 'വിശപ്പുള്ള കല്ലുകൾ'ളിൽ നിഴലിച്ചു കാണുന്നതു്. 'സുഭ'യിൽ ഊമയായ ഒരു ഗ്രാമീണകന്യകയുടെ അഭിലാഷങ്ങളെ വിവരിച്ചിരിക്കുന്നു. അമ്മയുപേക്ഷിച്ച 'പഥിക്' എന്ന ബാലൻെറ മനഃക്ലേശങ്ങളെയാണു് 'വീട്ടിലേയ്ക്കുള്ള മടക്കം' എന്ന കഥയിൽ പ്രതിഫലിപ്പിച്ചിരിക്കുന്നതു്. ഇവ രണ്ടിനുമുള്ള പ്രേരണകൾ രവീന്ദ്രനാഥൻെറ ശിലീഡാ ഗ്രാമത്തിലെ താമസക്കാലത്തു് ലഭിച്ചതായിരിക്കണം.

നോവലുകളിൽ 'ഗോറ'യാണു് ഏററവും പ്രസിദ്ധമായിട്ടുള്ളതു്. ഇൻഡ്യയിലെ ശിപായിലഹളക്കാലത്തു ജനിച്ച ഒരു കുട്ടിയാണു് ഗോറ. അയാൾ യഥാർത്ഥത്തിൽ ഇംഗ്ലീഷുകാരായ ദമ്പതികളുടെ സന്താനമാണു്. ലഹളയിൽ അവർ കൊല്ലപ്പെട്ട ശേഷം ഒരു ഹിന്ദുകുടുംബത്തിൽ ഗോറ വളരുന്നു. അയാൾ ഒരു കടുത്ത രാഷ്ട്രീയ

വാദിയും ഹിന്ദുമതഭക്തനുമായിത്തീരുന്നു. ഗോറയും, സ്നേഹിതൻ വിനയനും ബ്രഹ്മസമാജത്തിൽപ്പെട്ട ഒരു കുടുംബക്കാരുമായി പരിചയപ്പെടുന്നു. അയാൾക്ക് ആ കുടുംബാംഗങ്ങളുടെ മതപരമായ അനാസ്ഥ ഒട്ടും രസിക്കുന്നില്ല. 'ഗോറ'യിൽ നല്ല ആദർശങ്ങളും ദേശഭക്തിയും ത്യാഗസന്നദ്ധതയും നിറഞ്ഞ ഒരു നവീന മാതൃകയിലുള്ള ഹിന്ദുയുവാവിനെയാണ് ടാഗ്രർ ചിത്രീകരിച്ചിരിക്കുന്നതു്.

വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ള മറ്റൊരു നോവലാണ് 'വീടും ലോകവും'. നിഖിൽ, അയാളുടെ ഭാര്യ, സ്നേഹിതൻ സന്ദീപ്, ഇങ്ങനെ മൂന്നു പാത്രങ്ങളേയുള്ളു ഈ കഥയിൽ. സ്വദേശിപ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശഭക്തനാണ് നിഖിൽ. അയാൾക്കു പൊതുജനസേവനത്തിൽ കലശലായ താത്പര്യമുണ്ടു്; എന്നാൽ അക്രമമാർഗ്ഗങ്ങളെ വെറുക്കുകയും ചെയ്യുന്നു. വിദേശവസ്ത്രങ്ങൾ ചുട്ടുകരിക്കാനും മററും നേതൃത്വമെടുക്കുന്ന സന്ദീപ് ഒരു തനി വിപ്ലവകാരിയാണ്. അയാളുടെ എരിപൊരി പ്രസംഗങ്ങളാലും മററും നിഖിലിന്റെ ബാലികയായ ഭാര്യ ആകൃഷ്ടിക്കപ്പെടുന്നു. ഇവർ മൂന്നാളും ഓരോരുത്തരായി കഥ പറയുന്ന രീതിയിലാണ് 'വീടും ലോകവും' രചിക്കപ്പെട്ടിരിക്കുന്നതു്. നിഖിലിന്റെ പാത്രസൃഷ്ടിയിൽ ടാഗ്രറിന്റെ സ്വന്തം സ്വഭാവത്തേയും, അഭിപ്രായങ്ങളേയും നമുക്കു കാണാൻ കഴിയും.

മൂന്നാമത്തെ നോവലാണ് 'കപ്പൽച്ചേതം.' അസാധാരണമായ ഒരു കഥയാണിതു്. ഒരു വിവാഹസംഘം സഞ്ചരിക്കുന്ന ബോട്ടു മുങ്ങി, മിക്കവാറും എല്ലാവരും മരി

ക്കുന്നു. ഒരു മണൽത്തിട്ടയിൽ അടിയുന്ന വരന് ഓർമ്മ തിരിച്ചുകിട്ടുമ്പോൾ, അയാൾ തന്റെ സമീപം കാണുന്നതു വിവാഹവസ്ത്രങ്ങൾ അണിഞ്ഞ ഒരു പെൺകിടാവിനെയാണ്. വിവാഹസമയത്തു ലജ്ജകൊണ്ടയാൾ വധുവിന്റെ മുഖത്തു നോക്കുന്നില്ല. അടുത്തു കണ്ട യുവതിയെ അയാൾ വീട്ടിലേയ്ക്കു കൊണ്ടുപോകുന്നു. ചില ദിവസം കഴിഞ്ഞതാണ് താൻ വിവാഹം കഴിച്ചതവളെയല്ലെന്നയാൾ മനസ്സിലാക്കുന്നതു്. അവൾക്കു മറ്റെങ്ങും പോകാൻ സ്ഥലവുമില്ല. തന്റെ ഭാര്യയല്ലെന്നറിയിച്ചാൽ അവൾ തന്റെ സംരക്ഷണയിൽ ഇരിക്കയുമില്ല. എല്ലാംകൊണ്ടും ആ യുവാവു വളരെ കുഴങ്ങുന്നു. ഒടുക്കം വൈഷമ്യങ്ങൾ നീങ്ങി അവർ സുഖമായിരിക്കുന്നു. ഇങ്ങനെയാണു് 'കപ്പൽച്ചേത'ത്തിലെ ഇതിവൃത്തം.

നാടകങ്ങൾ നിർമ്മിക്കുന്നതിൽ മാത്രമല്ല അവയെ അരങ്ങേറുന്നതിലും അഭിനയിക്കുന്നതിലും കൂടി വളരെ മിടുക്കും ഉത്സാഹവും കാണിച്ചിരുന്ന ഒരാളായിരുന്നു മഹാകവി. കേവലം ഒരു ബാലനായിരിക്കുമ്പോൾപോലും അദ്ദേഹത്തിനു നാടകങ്ങളിൽ പ്രത്യേകമായ അഭിരുചി ഉണ്ടായിരുന്നു. പതിനാറു വയസ്സിലാണു് അദ്ദേഹം ആദ്യമായി ഒരു നടനായി വേഷം അണിഞ്ഞതു്. മൂന്നുകൊല്ലം കഴിഞ്ഞു തന്റെ പ്രഥമനാടകമായ 'വാല്മീകിപ്രതിഭ' എഴുതുകയും അതിൽ വാല്മീകിയുടെ ഭാഗം അഭിനയിക്കയും ചെയ്തു. അതിനുശേഷം അദ്ദേഹം പല വിശിഷ്ടനാടകങ്ങളും രചിച്ചിട്ടുണ്ടു്. ബംഗാളിനാടകവേദിയെ ഇന്നത്തെ നിലയിലെത്തിക്കാൻ

കിണഞ്ഞു പരിശ്രമിച്ചിട്ടുള്ള സാഹിത്യകാരന്മാരിൽ ഏതുകൊണ്ടും പ്രഥമസ്ഥാനത്തിനവകാശം രവീന്ദ്രനാഥനെ തന്നെയാണു്. ഗദ്യത്തിൽ പതിനഞ്ചും, പദ്യത്തിൽ പത്തും ഇങ്ങനെ ഇരുപത്തിയഞ്ചു നാടകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവ മിക്കവാറും എല്ലാം തന്നെ രംഗങ്ങളിൽ അഭിനയിച്ചിട്ടുള്ളവയുമാണു്. ഇംഗ്ലീഷു മാതൃകയനുസരിച്ചു സംഭാഷണം പ്രധാനമായ പ്രായശ്ചിത്തം, മുക്തധാരാ, ഡാക്ഘർ (തപാലാപ്പീസ്) മുതലായ നാടകങ്ങളും, സംഗീതപ്രധാനങ്ങളായ ശാരദോത്സവം, ഫാൽഗുനി (വസന്തവൃത്തം) മുതലായ കൃതികളും, നൃത്ത പ്രധാനമായ 'നടീപൂജാ' 'ചിത്രാംഗദ' തുടങ്ങിയ ദൃശ്യകാവ്യങ്ങളും ഈ കൂട്ടത്തിലുൾപ്പെടുന്നു.

ഹിന്ദുക്കളുടെ മാമൂലുകളെ കാലോചിതമായി പരിഷ്കരിച്ചു നന്നാക്കണമെന്ന ഉദ്ദേശത്തോടെ അവയെ പരിഹാസത്തിനും നിന്ദയ്ക്കും പാത്രമാകത്തക്കവിധം ചിത്രീകരിച്ചുകൊണ്ടു് രചിച്ചിട്ടുള്ളതാണു് 'അചലായതൻ' എന്ന നാടകം. ഇതു് അക്കാലത്തു ബംഗാളിൽ വളരെയൊക്കെ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. പറയത്തക്ക ഇതിവൃത്തമൊന്നുമില്ലാതെ, വെറും ചിരിയും പരിഹാസവും കൊണ്ടു കാണികളെ വിനോദിപ്പിക്കമാത്രം ചെയ്യുന്ന, പ്രഹസനച്ഛായയിലുള്ള ചില കൃതികളും ടാഗ്രർ നിർമ്മിച്ചിട്ടുണ്ട്. 'ഹാസ്യകൗതുകം' 'വ്യംഗകൗതുകം' എന്ന ലഘു നാടകങ്ങൾ ഈ വകുപ്പിൽപ്പെട്ടവയാണു്. ഇങ്ങനെ നാടകകലയുടെ വിവിധാംശങ്ങളിലും മഹാകവി തന്റെ പ്രതിഭയെ വ്യാപരിപ്പിച്ചു. അദ്ദേഹത്തിന്റെ ഇരുപ

ത്തഞ്ചു നാടകങ്ങളിൽ നിന്ന് ഏതു സദസ്സിലും ഏതു രംഗത്തിലും ഉപയോഗിക്കാവുന്ന തരത്തിലുള്ള കൃതികളെ തിരഞ്ഞെടുക്കാൻ വിഷമമില്ല. ബംഗാളിനാടകരംഗത്തുനിന്നും 'സന്യാസി' മുതലായ മാമൂൽവേഷങ്ങളെ ഒഴിവാക്കിയതും ടാഗ്രൂർനാടകങ്ങളുടെ മറെറാരു നേട്ടമായിരുന്നു.

~~~~~~~~

XI

ലോകപൗരൻ

1920 മുതൽക്ക രവീന്ദ്രനാഥൻ ഇന്ത്യയ്ക്കുള്ളിലും പുറംരാജ്യങ്ങളിലും ധാരാളമായി സഞ്ചരിച്ചു. അദ്ദേഹത്തിനു ഷഷ്ടിപൂർത്തി കഴിഞ്ഞിരുന്നുവെങ്കിലും, ജോലി ചെയ്യാനുള്ളപ്പോഠം അടങ്ങിയിരിക്കുക തൻെറ പ്രകൃതമല്ലായിരുന്നു. വിശ്വഭാരതിയുടെ പ്രവർത്തനത്തിനാവശ്യമായ ധനവും, മററുസഹായങ്ങളും സമ്പാദിക്കുക എന്നതായിരുന്നു ഉടനടിയുള്ള ജോലി. പഴയ ബന്ധുക്കളെ സന്ദശിക്കാനും പുതിയ മിത്രങ്ങളെ ഉണ്ടാക്കാനുംകൂടി അദ്ദേഹം ഈ യാത്രകളെ ഉപയോഗപ്പെടുത്തി. 1920 മുതൽ 1936 വരെയുള്ള കൊല്ലങ്ങളിൽ യാത്രകൂടാതെ ബംഗാളിൽത്തന്നെ കഴിഞ്ഞുകൂടിയിരുന്നതു് 1931-ൽ മാത്രമാ
~~~~~~~~

യിരുന്നു. ഇപ്രകാരമുള്ള ഒരു യാത്രയിലാണു് 1936-ൽ ഡൽഹിയിൽവച്ചു മഹാകവിയും മഹാത്മാഗാന്ധിയുമായി ഒന്നിച്ചതു്. മഹാകവി തൻെറ വാർദ്ധക്യത്തേയും വളന്നുവരുന്ന ദേഹക്ലേശങ്ങളെയും അവഗണിച്ചു വിശ്വഭാരതിക്കു വേണ്ടി ഇങ്ങനെ നിരന്തരം ബുദ്ധിമുട്ടുന്നതിൽ മഹാത്മജിക്കു വളരെ സഹതാപം തോന്നി. അദ്ദേഹം തൻെറ ഒരു ധനവാനായ സ്നേഹിതനെ പ്രേരിപ്പിച്ചു് ആ സ്ഥാപനത്തിനു് അറുപതിനായിരം രൂപാ ഒന്നായി കൊടുപ്പിച്ചു. മഹാകവിയോടു്, യാത്രകളിൽനിന്നു വിട്ടു തനിക്കത്യാവശ്യമായ വിശ്രമമെടുപ്പാൻ സ്നേഹപൂർവ്വം അപേക്ഷിക്കയും ചെയ്തു. അതിനുശേഷം പിന്നീടൊരിക്കൽ മാത്രമേ രവീന്ദ്രനാഥൻ ബംഗാളിനു പുറത്തു സഞ്ചരിച്ചിട്ടുള്ളു. അതു് 1939-ൽ ഒറീസാ ഗവർമ്മെൻറിൻെറ അതിഥിയായി പുരിയിൽ പോയപ്പോഴായിരുന്നു.

1920-ൽ മഹാകവി യൂറോപ്പിലേക്കായിരുന്നു പോയതു്. അവിടെക്കണ്ട പല സംഗതികളും അദ്ദേഹത്തെ വളരെ മനസ്താപിപ്പിച്ചു. ഇംഗ്ലണ്ടിൽ, പല സ്നേഹിതന്മാരും അമൃതസരസ്സിലെ വെടിവയ്പിനെപ്പററിയുണ്ടായ അദ്ദേഹത്തിൻെറ പ്രതിഷേധത്തിലും, യുദ്ധത്തോടുള്ള എതിർപ്പിലും വിപരീതാഭിപ്രായക്കാരായി കാണപ്പെട്ടു. അവിടെനിന്നും ഫ്രാൻസിലേക്കു പോയ മഹാകവി അവിടെച്ചെന്നപ്പോറം കണ്ടതു് ഒന്നാം ലോകമഹായുദ്ധം വരുത്തിക്കൂട്ടിയ ദുരിതങ്ങൾ ആയിരുന്നു. ഗ്രാമങ്ങളും കൃഷിസ്ഥലങ്ങളുമെല്ലാം കൈയേററംകൊണ്ടും ബോംബേറുകൊണ്ടും തകർന്നു തരിപ്പണമായിത്തീർന്നിരുന്നു. യുദ്ധ

ത്തിൽ മരിച്ച അനേകായിരം ചെറുപ്പക്കാരുടെ ശവകുടീരങ്ങൾ, നോക്കുന്ന ദിക്കിലെല്ലാം നിരന്നു കിടന്നിരുന്നു. അവരുടെ രാജ്യഭക്തിയെ അദ്ദേഹം വിലമതിച്ചു. പക്ഷേ ആ ജീവത്യാഗങ്ങൾ വ്യർത്ഥവും അനാവശ്യവുമായിരുന്നു എന്നുതന്നെ യുദ്ധവിരോധിയായ രവീന്ദ്രനു തോന്നി.

ഫ്രാൻസിൽനിന്നു് അടുത്തതായി ജർമ്മനിയിലേക്കാണദ്ദേഹം പോയതു്. യുദ്ധത്തിൽ തോററു നിരാശമായ ആ രാജ്യം, ഭയങ്കരമായ ക്ഷാമത്തിൻെറയും, അരാജകത്വത്തിൻെറയും വക്കിൽ എത്തിയിരിക്കുന്നതായി അദ്ദേഹം കണ്ടു. വിജയികളായ സഖ്യകക്ഷിക്കാർ ജർമ്മനിയുടെ മേൽ ഒരു വലിയ പിഴ ചുമത്തിയിട്ടുണ്ടായിരുന്നു. അതടച്ചു തീർപ്പാൻ ആ നാടിനു യാതൊരു വിധമായ കഴിവുമില്ലെന്നു രവീന്ദ്രനാഥനു തോന്നി, അദ്ദേഹം 'ജർമ്മനിയോടു ഭ്രാതൃഭാവമാണാവശ്യം' എന്നെഴുതി. ഉദാരമായ പെരുമാററവും, പഴയ കാര്യങ്ങൾ മറന്നുകൊണ്ടുള്ള പൂർണ്ണസഹകരണവും അന്യരിൽനിന്നുണ്ടായെങ്കിലേ ജർമ്മനിക്കു് ആ വൈഷമ്യഘട്ടം കടക്കാൻ സാധിക്കൂ എന്നു് അദ്ദേഹം ദൃഢസ്വരത്തിൽ അഭിപ്രായപ്പെട്ടു. ഒരുപക്ഷേ, രവീന്ദ്രനാഥൻെറ ഉപദേശം യഥാകാലം മററു രാജ്യക്കാർ ചെവിക്കൊണ്ടിരുന്നെങ്കിൽ, നാസികളുടെ ഉദയവും, രണ്ടാമത്തെ ലോകമഹായുദ്ധവും, അതിനുശേഷം ഇന്നേവരയ്ക്കും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പല കുഴപ്പങ്ങളും ഒഴിവാക്കാമായിരുന്നു.

ജർമ്മനിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ചെറിയ സംഭവമുണ്ടായതു തൻെറ ഹൃദയത്തെ സാരമായി

സ്പർശിച്ചു എന്നു മഹാകവിതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിങ്ങനെ ആയിരുന്നു. രണ്ടു ജർമ്മൻബാലികമാർ പുഷ്പങ്ങളുംകൊണ്ടു് അദ്ദേഹത്തെ കാണാൻ വന്നു. അവക്കു് ശരിയായി ഇംഗ്ലീഷു വശമില്ല. മഹാകവിക്കു് ജർമ്മൻഭാഷയും നിശ്ചയമില്ല. അവരിൽ ഒരാൾ മുറി ഇംഗ്ലീഷിൽ പറഞ്ഞു : 'ഞാൻ ഇൻഡ്യയെ സ്നേഹിക്കുന്നു' മഹാകവി ചോദിച്ചു :

'എന്തുകൊണ്ടാണു നീ ഇൻഡ്യയെ സ്നേഹിക്കുന്നതു് ?'

അവർ ഉത്തരം പറഞ്ഞു : 'നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടു്'. രവീന്ദ്രനു് ഈ മറുപടി വളരെ രസകരമായിത്തോന്നി. പിന്നൊരിക്കൽ ഈ കഥ ഒരു സ്നേഹിതനോടു പറയുമ്പോൾ അദ്ദേഹം പറഞ്ഞു : 'ആ പ്രശംസ വളരെ അധികമായിരുന്നു. അതു ശരിയായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. തന്നിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുന്ന ഒരു രാജ്യത്തിനുവേണ്ടി ലോകം പ്രതീക്ഷയിൽ കഴിക്കയാണു്.'

1924-ൽ രവീന്ദ്രനാഥൻ ചൈനയിലേക്കു പോയി. അവിടെ അദ്ദേഹത്തിനു നല്ല സ്വീകരണമല്ല ലഭിച്ചതു്. അവിടത്തെ ചെറുപ്പക്കാർ പലരും അമേരിക്കയിലും ഇംഗ്ലണ്ടിലും പോയി പഠിച്ചു തിരിച്ചുവന്നവരായിരുന്നു. സ്വന്തരാജ്യത്തിന്റെ അഭിവൃദ്ധിക്കായി തങ്ങൾ അഭ്യസിച്ച ശാസ്ത്രജ്ഞാനം ഉപയോഗിപ്പാൻ വെമ്പൽകൊള്ളുന്നവരുമായിരുന്നു അവർ. വേണ്ടിവന്നാൽ ബലമുപയോഗിച്ചും തങ്ങളുടെ അഭിപ്രായങ്ങളെല്ലാം മററുള്ളവരെ

ക്കൊണ്ടു സ്വീകരിപ്പിക്കാൻ അവർ ഒരുമ്പെട്ടിരുന്നു. രവീന്ദ്രനാഥനെപ്പററി അവർ കേട്ടിരുന്നതു്, പാശ്ചാത്യ സമ്പ്രദായങ്ങൾക്കു വിരോധിയും, പഴയ രീതികളുടെ എല്ലാം പ്രതിനിധിയുമാണദ്ദേഹം എന്നാണു്. എന്നാൽ, രവീന്ദ്രൻെറ ഒന്നു രണ്ടു പ്രസംഗങ്ങൾ കേട്ടുകഴിഞ്ഞപ്പോഴയ്ക്കു് അവരുടെ ഈ അഭിപ്രായഗതി പാടേ മാറി. സത്യത്തെ എവിടെക്കണ്ടാലും, ആദരിക്കാനും കൈക്കൊള്ളാനും തയ്യാറുള്ള ഒരാളാണു് മഹാകവി എന്നവർ വേഗത്തിൽ മനസ്സിലാക്കി. അതിനുശേഷം പല ചീന വിദ്യാൎത്ഥികളും മൈത്രി കാംക്ഷിച്ചു് അദ്ദേഹത്തെ സമീപിച്ചു. പിന്നീടുള്ള ചീനയിലെ വാസം വളരെ ഹിതകരമായും തീൎന്നു. ചീനയിലെ മഹാപണ്ഡിതന്മാരായ ഡാക്ടർ ഗ്രൂസി, ഡാക്ടർ ലിയാൻ ചി ചാവോ, തുടങ്ങിയവർ മഹാകവിയെ സ്വാഗതം ചെയ്യുകയും അദ്ദേഹത്തിന്നു സഹായവാഗ്ദാനങ്ങൾ നൽകുകയും ചെയ്തു. അതു മുതല്ക്കു, വിശ്വഭാരതിയിലും ശാന്തിനികേതനത്തിലും വന്നെത്തുന്ന ചീനപണ്ഡിതന്മാരുടേയും വിദ്യാൎത്ഥികളുടേയും സംഖ്യ വർദ്ധിക്കാനും തുടങ്ങി.

ഇററലിയിലെ ഗവണ്മെൻറിന്റെ അതിഥിയായിട്ടാണു് മഹാകവി 1926-ൽ ആ രാജ്യം സന്ദൎശിച്ചതു്. അദ്ദേഹം രാജാവിനേയും മുസോലിനിയേയും കണ്ടു. ഇറ്റാലിയൻ ഭാഷയിൽ തർജ്ജിമചെയ്യപ്പെട്ടിട്ടുള്ള ടാഗ്രർ കൃതികളെല്ലാം താൻ വായിച്ചിട്ടുണ്ടെന്നു മുസോലിനി പറഞ്ഞു. സുപ്രസിദ്ധചിന്തകനും, സാഹിത്യകാരനും, മുസോലിനിക്കു ശേഷമുണ്ടായ മന്ത്രിസഭയിൽ അംഗമായി

ജന്ന ആളുമായ് ബെനഡെറോ ക്രോചെയുമായി രവീന്ദ്രനാഥൻ പരിചയപ്പെട്ടതും ഈ അവസരത്തിലായിരുന്നു. എന്നാൽ ഇതിലൊക്കെ ഉപരിയായി അദ്ദേഹം വിലമതിച്ചതു് ഇററലിയിലെ സ്കൂൾകുട്ടികളുമായുള്ള തൻെറ സമ്പർക്കമായിരുന്നു. രവീന്ദ്രൻ റോമാപട്ടണത്തിൽ എത്തിയ അവസരത്തിലത്രെ അവിടത്തെ സ്കൂൾകുട്ടികളുടെ ഗാനമഹോത്സവം നടന്നതു്. ഇതു് റോമിൽ ആണ്ടുതോറും സ്കൂൾകുട്ടികളുടെ വകയായി നടത്തുന്ന ഒരാഘോഷമാണു്. ആണും പെണ്ണുമുൾപ്പെടെ ആയിരം വിദ്യാർത്ഥികളടങ്ങിയ ഒരു സംഘമാണു് പാട്ടുകൾ പാടുന്നതു്. അവരുടെ സംഗീതം മഹാകവിക്കു് അത്ഭുതകരമായി തോന്നി. സംഗീതമഹോത്സവം തീർന്നശേഷം പല സ്കൂൾകുട്ടികളും രവീന്ദ്രനു് അദ്ദേഹത്തെപ്പററിയുള്ള കുറിപ്പുകളും ഛായാചിത്രങ്ങളുമടങ്ങിയ തങ്ങളുടെ നോട്ടുബുക്കുകൾ സമ്മാനിച്ചു. മഹാകവി അവസാനംവരെ ആ നോട്ടുബുക്കുകളെ സൂക്ഷിച്ചു വച്ചിരുന്നു. ഇററാലിയൻ കുട്ടികളെക്കുറിച്ചു് പിന്നീടു് എപ്പോഴും അദ്ദേഹം വളരെ കാര്യമായി പറയാറുമുണ്ടായിരുന്നു.

ഇററലിയിൽ നിന്നു സ്വിററ്സർലണ്ടിലേക്കും, അവിടെനിന്നു് ജർമ്മനിവഴി ബാൽക്കാൻ രാജ്യങ്ങളിലേക്കും മഹാകവി സഞ്ചരിച്ചു. ചെന്ന സ്ഥലത്തെല്ലാം സാമാന്യ ജനങ്ങളും കുട്ടികളും അദ്ദേഹത്തെ സ്വാഗതം ചെയ്തിരുന്നു. അതാതു ദിക്കിലെ ഭാഷകൾ നിശ്ചയമില്ലായിരുന്നു എങ്കിലും, പൊതുവേയുള്ള ഈ പെരുമാററം അദ്ദേഹത്തിനു് അളവററ സന്തോഷം നല്കി.

അദ്ദേഹം 1930-ലാണു് റഷ്യ സന്ദർശിച്ചതു്. ഏറ്റവും ശ്രദ്ധേയമായ ഒരു സന്ദർശനമായിരുന്നു അതു്. അവിടെക്കണ്ട എല്ലാ സംഗതികളും അദ്ദേഹത്തിന്റെ കൗതുകം വളർത്തി. റഷ്യയിൽ നടക്കുന്ന സാമുദായികവും സാമ്പത്തികവുമായ പരിശോധനകളേയും പ്രവർത്തനങ്ങളേയും വിവരിച്ചുകൊണ്ടു് തൻെറ ഇന്ത്യൻ സുഹൃത്തുക്കൾക്കു് അദ്ദേഹം പല കത്തുകളും എഴുതി. അവയെല്ലാം കൂടി "റഷ്യയിൽനിന്നുമുള്ള കത്തുകൾ" എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. സോവിയററ് റിപ്പബ്ലിക്കിൽ താൻ കണ്ടതായ ജനങ്ങളുടെ അഭിവൃദ്ധി അതിശയകരമായിരുന്നു എന്നു മഹാകവി പറയുന്നു. പത്തുവർഷം കൊണ്ടു് ഇത്രയുമൊക്കെ സാധിച്ചതിൽ അദ്ദേഹം റഷ്യാക്കാരെ വളരെ അഭിനന്ദിച്ചു. കുട്ടികൾക്കു നല്ല രീതിയിൽ വിദ്യാഭ്യാസം നല്കുന്നതും അവർക്ക് തൊഴിലുകളിൽ ഏർപ്പെടാൻ തുല്യമായ അവസരങ്ങൾ കൊടുക്കുന്നതുമായ സമ്പ്രദായമാണു് രവീന്ദ്രനാഥൻെറ പ്രത്യേക പ്രശംസക്കു പാത്രമായതു്. ഇന്ത്യൻ ബാലന്മാർക്കും ഇതുമാതിരി, സാർവ്വത്രികമായ വിദ്യാഭ്യാസവും അവസരസമത്വവും ഉണ്ടായിവരുന്ന കാലം കാണാൻ താൻ വളരെ കൊതിക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ റഷ്യയിൽ മഹാകവി കണ്ട ഒരു രീതി അദ്ദേഹത്തിനു തീരെ ഹിതമായില്ല. രാജ്യം ഭരിക്കുന്ന കക്ഷിക്കു വിപരീതമായി ആർക്കും ഒന്നും ശബ്ദിച്ചുകൂടാ എന്നുള്ളതായിരുന്നു അതു്. റഷ്യയിലെ തൻെറ സുഹൃത്തുക്കളോടു് താൻ കണ്ട ദൂഷ്യങ്ങൾ തുറന്നു പറയുന്നതിനും മഹാകവി ഒട്ടും തന്നെ മടിച്ചില്ല.

രവീന്ദ്രനാഥൻ, തൻെറ സഞ്ചാരവേളയിൽ, ദക്ഷിണാർദ്ധഗോളത്തിൽപ്പെട്ട ഭൂവിഭാഗങ്ങളൊന്നും തന്നെ സന്ദർശിച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹം പരിഷ്കൃത ലോകത്തിലെ മറെറല്ലാ പ്രദേശങ്ങളിലും പോകയും, ജനങ്ങളുടെ ജീവിതക്രമങ്ങളും ആചാരമര്യാദകളും നേരിട്ടുകണ്ടു മനസ്സിലാക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ലഭിച്ച അറിവും, സമ്പർക്കങ്ങളും പരിചയങ്ങളുമെല്ലാമാണ് അദ്ദേഹത്തെ 'ലോകപൌരൻ' എന്ന പേരിന് അവകാശിയാക്കിത്തീർത്തത്. രവീന്ദ്രനാഥൻെറ എൺപതാമത്തെ ജന്മദിനത്തിൽ അദ്ദേഹത്തിന് "ഭാരതഭാസ്കരൻ" എന്ന സ്ഥാനപ്പേർ കിട്ടി. എന്നാൽ പരിഷ്കൃതലോകത്തിൻെറ ഏതു മൂലയിൽച്ചെന്നാലും ആദരിക്കപ്പെടുമെന്നുള്ള അവസ്ഥ, അതായത് ഒരു യഥാർത്ഥലോകപൌരൻെറ നില, അതിലും മികച്ചതായ ഒരു സ്ഥാനമായിരുന്നു.

XII

അവസാനഘട്ടം

1931-ൽ രവീന്ദ്രനാഥന് എഴുപതു വയസ്സു തികഞ്ഞു. ഈ സന്ദർഭം ഇന്ത്യയൊട്ടാകെ ഉചിതമായി ആഘോഷിക്കപ്പെട്ടു. കല്ക്കത്തായിൽ നാനാജാതിമതസ്ഥരുംപെട്ട ഒരു സമിതി ആ ഡിസംബർ മാസാവസാനം രവീന്ദ്രവാരമായി കൊണ്ടാടാൻ ഒരുക്കങ്ങറം ചെയ്തു. അവർ ടാഗ്രൂർസ്മാരകഗ്രന്ഥം പ്രസിദ്ധം ചെയ്യാനും, അദ്ദേഹത്തിൻെറ കൃതികളും ചിത്രങ്ങളുമടങ്ങിയ ഒരു പ്രദശ്നം നടത്താനും തീച്ച്യാക്കി. രവീന്ദ്രജയന്തി നിശ്ചിതത്തീയതികളിൽത്തന്നെ ആഘോഷിക്കപ്പെട്ടു. കല്ക്കത്തായിലെ ടൗൺഹാളിൽ ഒരു വമ്പിച്ച പൊതുയോഗം നടന്നു. മഹാകവിയും സന്നിഹിതനായിരുന്നു. അതിൽവച്ച് അദ്ദേഹത്തിന്, ലോകത്തിലെങ്ങുമുള്ള മഹാവിശ്രുതന്മാരുടെ ലേഖനങ്ങളും കവിതകളുമടങ്ങൊണ്ട ഒരു സ്മാരകഗ്രന്ഥം സമപ്പിച്ചു. 'ടാഗ്രൂറിൻെറ സൗവണ്ണഗ്രന്ഥം' എന്നാണ് അതിനു പേരിട്ടിരുന്നതു്. ആഘോഷകാലത്തു് രവീന്ദ്രൻെറ പല നാടകങ്ങളും അഭിനയിക്കപ്പെട്ടു. ഒരാഴ്ചകൊണ്ടു് പരിപാടി അവസാനിക്കാഞ്ഞതിനാൽ ചടങ്ങുകറം 1932 ജനുവരിയിലേയ്ക്കു നീണ്ടു.

എന്നാൽ ആ വാരം അവസാനിക്കുന്നതിനുമുമ്പ് ടാഗ്രൂർ ജയന്തി ആഘോഷങ്ങളെല്ലാം ഇടയ്ക്കുവച്ചു നിറുത്തേണ്ടിവന്നു, ജനുവരി 5-ാം തീയതി മഹാത്മാഗാന്ധി

യെ അറസ്റ്റുചെയ്ത യറവാദാജയിലിൽ അടച്ചിരിക്കുന്നു എന്ന വാൎത്ത കല്ക്കത്തായിൽ എത്തി. ഉടൻതന്നെ മഹാകവി, ഒരു ദുഃഖാചരണമെന്ന നിലയ്ക്കു് ഉത്സവപരിപാടികളെല്ലാം നിൎത്തിവയ്പിച്ചു. അധികം താമസിയാതെ ജയിലിൽവച്ചു് ഗാന്ധിജി തൻെറ പ്രസിദ്ധമായ ഇരുപത്തൊന്നു ദിവസത്തെ നിരാഹാരവ്രതമാരംഭിച്ചു. ടാഗ്രറിനു് മഹാത്മജിയുടെ ഈ നിശ്ചയം അത്യന്തം മനോവേദന ഉളവാക്കി. എങ്കിലും, എത്ര നിൎബ്ബന്ധിച്ചാലും അദ്ദേഹത്തെ അതിൽനിന്നു പിന്തിരിപ്പിക്കാൻ സാദ്ധ്യമല്ലെന്നും അറിയാമായിരുന്നു. നിരാഹാരവ്രതത്തിൻെറ അന്ത്യഘട്ടത്തിൽ മഹാകവി സ്വന്തം ക്ഷീണം വകവെയ്ക്കാതെ പൂനവരെ യാത്രചെയ്തു. വ്രതം അവസാനിച്ച ദിവസം അദ്ദേഹവും യറവാദാജയിലിൽ സന്നിഹിതനായിരുന്നു.

അതിനെത്തുടൎന്നുള്ള കാലങ്ങൾ രവീന്ദ്രനാഥനു തുലോം ക്ലേശഭൂയിഷ്ഠങ്ങളായിരുന്നു. പഴയ സ്നേഹിതന്മാർ ഓരോരുത്തരായി തന്നെ വിട്ടുപിരിയാൻ തുടങ്ങി. ഒരാൾ ഒഴികെ തൻെറ സഹോദരന്മാരും സഹോദരിമാരുമെല്ലാം മൃത്യുവിന്നിരയായിത്തീൎന്നിരുന്നു. സ്വന്തം ഭാൎയ്യയും മൂന്നു കുട്ടികളും മുമ്പേതന്നെ കാലഗതിയെ പ്രാപിച്ചു. അവശേഷിച്ചിരുന്ന ഏക പുത്രനേയും പുത്രിയേയും മഹാകവി അത്യന്തം വാത്സല്യത്തോടെയാണു് കരുതിയിരുന്നതു്. അവരെ കൂടാതെ അദ്ദേഹത്തിനു പിന്നെ ഒരു പൌത്രനും പൌത്രിയുമാണുണ്ടായിരുന്നതു്. ജൎമ്മനിയിൽ വിദ്യാഭ്യാസം ചെയ്തിരുന്ന പൌത്രൻ തൻെറ ഇരുപത്തൊന്നാം വയസ്സിൽ അവിടെവച്ചുതന്നെ മരിച്ചു. അതിനു കുറെമുമ്പു്

മഹാകവിയുടെ ഇംഗ്ലീഷ് സ്നേഹിതനായ W. W. പീയർസൺ, ഇററലിയിൽവച്ച് ഒരു തീവണ്ടിയപകടത്തിൽപ്പെട്ടു മൃതിയടഞ്ഞിരുന്നു. രവീന്ദ്രനാഥനെ ഏറെ ദുഃഖിപ്പിച്ച ഒരു സംഭവമായിരുന്നു ഇതു്. അതിനെത്തുടന്നാണു് പൗത്രൻെറ അകാലമരണവും ഉണ്ടായതു്. ഈ ദുഃഖങ്ങളെല്ലാം രവീന്ദ്രനാഥനെ അത്യധികം വലച്ചു. 1935-ൽ മഹാകവിയുടെ ഭാഗിനേയനായ ദിനേന്ദ്രനും മരിച്ചു. തനിക്കു വളരെ പ്രിയമുള്ള ഒരു സഹായിയായിരുന്നു ഈ യുവാവു്.

അനേകം പൊതുസ്ഥാപനങ്ങളും സംഘടനകളും രവീന്ദ്രനാഥനെ ആദരിക്കാനും ബഹുമാനിക്കാനും അഹമഹമികയാ മുമ്പോട്ടുവന്നു. വാർദ്ധക്യസഹജമായ അസ്വാസ്ഥ്യങ്ങൾകൊണ്ടു് അദ്ദേഹത്തിന് എപ്പോഴും എല്ലാ സ്വീകരണങ്ങളിലും നേരിട്ടു പങ്കെടുക്കുന്നതിനു സാദ്ധ്യമായില്ല. എങ്കിലും തനിക്കാവുമെന്നുള്ളടത്തോളം അദ്ദേഹം പൊതുജനങ്ങളുടെ മുമ്പിൽ പ്രസംഗിക്കുന്നതിനും തൻെറ ആദർശങ്ങൾ അവരെ വിവരിച്ചുകേൾപ്പിക്കുന്നതിനും, മടികാണിച്ചില്ല. 1937-ൽ കൽക്കത്താസർവ്വകലാശാല ആ കൊല്ലത്തെ ബിരുദദാനപ്രസംഗത്തിന് മഹാകവിയെ ക്ഷണിച്ചു. അവിടെച്ചെന്നു് അദ്ദേഹം ബംഗാളിഭാഷയിലാണു് തൻെറ പ്രഭാഷണം നടത്തിയതു്. ആ സർവ്വകലാശാലയുടെ ചരിത്രത്തിൽ ഇംഗ്ലീഷിലല്ലാത്ത ഒരു ബിരുദദാനപ്രസംഗം ഇതുമാത്രമായിരുന്നു. ഔദ്യോഗിക മഹിമ ഇല്ലാത്ത ഒരു വ്യക്തിയെ പ്രസംഗത്തിനു ക്ഷണിച്ചതും ആദ്യമായിട്ടായിരുന്നു.

നീണ്ട യാത്രകൾക്ക് ആരോഗ്യം അനുവദിച്ചിരുന്നില്ലെങ്കിലും രവീന്ദ്രന്റെ അന്ത്യകാലങ്ങൾ മുൻകൊല്ലങ്ങളെപ്പോലെതന്നെ വിശ്രമരഹിതങ്ങളായിരുന്നു. 1937-ൽ വിശ്വഭാരതിയിൽ ചീനസംസ്കാരം പഠിപ്പിക്കുന്നതിനുള്ള ഹാളിന്റെ പണി പൂർത്തിയാക്കി അതു തുറന്നു. 1939-ൽ കുറതീന്ന ഒരു പുതിയ കെട്ടിടത്തിൽ പണ്ഡിതജവഹരിലാൽ നെഹ്രു ഹിന്ദിഹാൾ ഉൽഘാടനം ചെയ്തു. രവീന്ദ്രനാഥന്റെ ശുഷ്കാന്തിയും അക്ഷീണപരിശ്രമവും നിമിത്തമാണ് ഈ രണ്ടു സ്ഥാപനങ്ങളും ഉടലെടുത്തതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

1937 സെപ്തംബറിൽ മഹാകവി പൊടുന്നനവേ രോഗബാധിതനായി. അദ്ദേഹം അതിൽനിന്നു രക്ഷനേടുകയില്ലെന്നുപോലും സുഖക്കേടിന്റെ ആദ്യഘട്ടങ്ങളിൽ പലരും വിചാരിച്ചു. എന്നാൽ, അത്ഭുതകരമാംവണ്ണം ആ രോഗം മാറി. അദ്ദേഹത്തിനു വീണ്ടും ജോലി ചെയ്യാനുള്ള ആരോഗ്യവും കിട്ടി. ഈ സന്ദർഭത്തിലാണു് 'വിശ്വപരിചയ'മെന്ന പുസ്തകം അദ്ദേഹമെഴുതിയതു്. സയൻസിന്റെ സാമാന്യതത്വങ്ങൾ ആയിരുന്നു ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം.

1939-ന്റെ അവസാനഘട്ടത്തിൽ വീണ്ടും യൂറോപ്പിൽ യുദ്ധം ആരംഭിച്ചതു് മഹാകവിയെ വളരെ ചിന്താകുലനാക്കിത്തീർത്തു. എന്നാൽ അതിനെത്തുടർന്നു തന്റെ ആ പൂർവസുഹൃത്തായ സി എഫ്. ആൻഡ്രൂസ്, നീണ്ട ഒരു വേർപാടിനുശേഷം വീണ്ടും ശാന്തിനികേതനത്തിൽ വന്നു താമസമാക്കി, മഹാകവിയ്ക്കു് അളവററ സന്തോഷ

ത്തിനു ഹേതുവാക്കിയ ഒരു സംഭവമായിരുന്നു ഇത്. പക്ഷെ ഈ സന്തോഷം അധികം നീണ്ടുനിന്നില്ല. രണ്ടു മാസം കഴിഞ്ഞു് ആൻഡ്രൂസ് രോഗഗ്രസ്തനായി. അദ്ദേഹത്തെ ചികിത്സയ്ക്കു കൽക്കത്തായിലേയ്ക്കു മാററേണ്ടി വന്നു. അവിടെവച്ചു 1940 ഏപ്രിൽ 5-ാംതീയതി അദ്ദേഹം മരിക്കയും ചെയ്തു.

1940 ആഗസ്റ്റ് മാസത്തിൽ ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡു സർവ്വകലാശാലക്കാർ മഹാകവിയ്ക്കു് "ഡോക്ടർ അഫ് ലിററച്ചർ" എന്ന ബഹുമതി ബിരുദം നൽകി. അദ്ദേഹത്തിൻെറ വലിയ വാർദ്ധക്യം കരുതി അവർ സ്ഥാനസ്വീകരണത്തിന് ഇംഗ്ലണ്ടിൽ ചെല്ലുന്നതിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കി. എന്നുതന്നെയല്ല, സർവ്വകലാശാലയിലെ രണ്ടു പ്രതിനിധികളെ ബിരുദചിഹ്നങ്ങൾ ശാന്തിനികേതനത്തിൽവച്ചു് മഹാകവിയെ ഏല്പിക്കാനായി നിയോഗിക്കയും ചെയ്തു. ഇവർ, ഇന്ത്യയുടെ സുപ്രീം കോടതിയിൽ ഒന്നാംജഡ്ജിയായ സർ മോറീസ് ഗ്വയരും, ഡാക്ടർ രാധാകൃഷ്ണനുമായിരുന്നു. ബിരുദദാനാവസരത്തിൽ ഓക്സ്ഫോർഡിൽ ഉള്ള പതിവനുസരിച്ചു് സർ മോറീസ് ലത്തീൻ ഭാഷയിൽ ഒരു പ്രസംഗംചെയ്തു. രവീന്ദ്രനാഥൻ അതിനു സംസ്കൃതത്തിൽ സമുചിതമായ ഒരു മറുപടിയും പറഞ്ഞു. ഇങ്ങനെ വിശ്വവിശ്രുതങ്ങളായ രണ്ടു മഹാഭാഷകൾ ഒരേ അവസരത്തിൽ പ്രയോഗിക്കപ്പെട്ടതിൽ രവീന്ദ്രനാഥൻ പാശ്ചാത്യപൌരസ്ത്യസംസ്കാരങ്ങളുടെ ഒരു സൗഹാർദ്ദ

സമ്മേളനത്തെയാണു് ആന്തരികമായി നിർദ്ദേശിച്ചതു്.

ചില ആഴ്ചകൾ കഴിഞ്ഞു് മഹാകവിയെ വീണ്ടും രോഗം ബാധിച്ചു. ഇത്തവണയും അദ്ദേഹം അതിൽ നിന്നു വിമുക്തനായി. എന്നാൽ മുമ്പിലത്തെപ്പോലെ അത്രവേഗത്തിൽ ക്ഷീണം വിട്ടുമാറിയില്ല. എഴുന്നേററു നടക്കുന്നതിനും പ്രവൎത്തനങ്ങളിൽ വീണ്ടും ഏർപ്പെടുന്നതിനും അധികം ദിവസം കഴിയേണ്ടിവന്നു.

1941 ഏപ്രിലിൽ ശാന്തിനികേതനത്തിൽ രവീ[illegible]നാഥന്റെ എൺപതാമത്തെ ജന്മദിനം ആഘോ[illegible]ക്കപ്പെട്ടു. അതുസംബന്ധിച്ചു കൂടിയ യോഗങ്ങളിലൊന്നിൽ അദ്ദേഹത്തിനു സംസാരിക്കാനും സാധിച്ചു. എന്നാൽ പിന്നീടു പലമാസം കഴിയുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ആരോഗ്യം കേവലം നശിച്ചു. മഹാകവിക്കു കഠിനമായ ക്ഷീണം ബാധിച്ചു. കൂടക്കൂടെ പനി ഉണ്ടാകാൻ തുടങ്ങി. 1941ലെ ഗ്രീഷ്മകാലമത്രയും വിശ്വസ്തമിത്രങ്ങളും ആശ്രമത്തിലെ അന്തേവാസികളും അദ്ദേഹത്തെ അതിനിഷ്കൎഷയോടെ ശുശ്രൂഷിച്ചു. ആ ജൂലൈമാസത്തിൽ മഹാകവിയെ ചികിത്സാൎത്ഥം ആശ്രമവാസികൾ കല്ക്കത്തായിലേയ്ക്കു കൊണ്ടുപോകുന്ന സമയത്തു്, ആശ്രമത്തിലെ സകല ജനങ്ങളും, ചുററുമുള്ള ഗ്രാമത്തിലെ ആളുകളും അവസാനദൎശനത്തിനും യാത്രപറയുന്നതിനുമായി തിങ്ങിക്കൂടി. കല്ക്കത്തായിൽ കൊണ്ടുവന്നതിനുശേഷം അവി

ടത്തെ പ്രസിദ്ധ ഭിഷഗ്വരന്മാർ മഹാകവിയുടെ ജീവനെ രക്ഷിക്കുന്നതിന് ആകാവുന്ന സർവ്വ മാർഗ്ഗങ്ങളും പരീക്ഷിച്ചു നോക്കി. എന്നാൽ അതെല്ലാം നിഷ്പ്രയോജനമായി. 1941 ആഗസ്റ്റ് ഏഴാം തീയതി ആ മഹാപുരുഷൻ ശാന്തിയോടും സമാധാനത്തോടുംകൂടി അവസാന നിദ്രയിൽ ലയിച്ചു.

...ARAM LIBRARY & ARTS CLUB
...NGANACHERRY.
Reg. No.
MALAKUNNAM P.O.

നൽക്

18
1617